VOL NO: 10 I ISSUE 38

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 SEPTEMBER 19 I ₹10




## വാർത്താമുറികളിലെ വംശീയത: ഒരു ടെക്സ്റ്റ്ബുക്ക് കേസ്!

കേരളീയ പൊതുബോധ രൂപീകരണത്തിൽ നിർണായക പങ്കുവഹിക്കുന്ന മാധ്യമങ്ങൾ, സംവാദങ്ങൾക്കു പകരം വർഗീയ-വംശീയ ധ്രുവീകരണത്തിന്റെ കേന്ദ്രങ്ങളായി മാറുന്നുവോ എന്ന ആശങ്ക ശക്തമാകുകയാണ്. വിമർശനത്തിന്റെ മറവിൽ ഒരു സമുദായത്തിന്റെ മതപരമായ സാങ്കേതിക പദങ്ങളെ അശ്ലീലത്തോടും കുറ്റകൃത്യങ്ങളോടും ചേർത്തു വച്ച് ബോധപൂർവം അപകീർത്തിപ്പെടുത്തുന്നത് വംശീയതയാണ്. ഒരു വ്യക്തിയുടെ യാഥാസ്ഥിതിക നിലപാടിനെ സമൂഹത്തിന്റെ മുഴുവൻ ബാധ്യതയായി ചിത്രീകരിക്കുന്ന സാമാന്യവൽക്കരണം അപായകരമാണ്.

### ‘എക്സ് മുസ്‌ലിമി’ന്റെ പൊയ്മുഖം

### ഇന്ത്യയിലെ ഭരണഘടനാ അവകാശങ്ങൾ

### പാലക്കാടിന്റെ പച്ചപ്പിൽ പ്രോജ്വലിച്ച പ്രൊഫ്കോൺ ദിനങ്ങൾ

അഡ്വ. പി.കെ.എ റഹീം ● ഡോ.അബ്ദുല്ല ബാസിൽ ● പി.എൻ അബ്ദുല്ലത്വീഫ് മദനി




**നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

504

നേർപഥം വാരിക

2026 സെപ്തംബർ 19
1448 റബീഉൽ ആഖിർ 08
പുസ്തകം 10 / ലക്കം 38





Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**


കവർ സ്റ്റോറി




ഡോ. അബ്ദുല്ല ബാസിൽ

കേരളീയ പൊതുബോധ രൂപീകരണത്തിൽ നിർണായക പങ്കുവഹിക്കുന്ന മാധ്യമങ്ങൾ, സംവാദങ്ങൾക്കു പകരം വർഗീയ-വംശീയ ധ്രുവീകരണത്തിന്റെ കേന്ദ്രങ്ങളായി മാറുന്നുവോ എന്ന ആശങ്ക ശക്തമാകുകയാണ്. വിമർശനത്തിന്റെ മറവിൽ ഒരു സമുദായത്തിന്റെ മതപരമായ സാങ്കേതിക പദങ്ങളെ അശ്ലീലത്തോടും കുറ്റകൃത്യങ്ങളോടും ചേർത്തു വച്ച് ബോധപൂർവം അപകീർത്തിപ്പെടുത്തുന്നത് വംശീയതയാണ്. ഒരു വ്യക്തിയുടെ യാഥാസ്ഥിതിക നിലപാടിനെ സമൂഹത്തിന്റെ മുഴുവൻ ബാധ്യതയായി ചിത്രീകരിക്കുന്ന സാമാന്യവൽക്കരണം അപായകരമാണ്.


**05** മുഖമൊഴി
അഴിമതിമുക്ത ഭരണം അസാധ്യമോ?

**06** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**07** നിയമപഥം
ഇന്ത്യയിലെ ഭരണഘടനാ അവകാശങ്ങൾ
അഡ്വ. പി കെ എ റഹീം

**16** ലേഖനം
അറിവില്ലായ്മയുടെ അനന്തര ഫലങ്ങൾ
ഡോ. യാസ്മിൻ എം അബ്ബാസ്

**17** നമുക്കുചുറ്റും
കല്യാണ കോപ്രായങ്ങൾ
കെഎം കുഞ്ഞിക്കോയ വേങ്ങേരി

**18** ലേഖനം
ധർമധ്വജം ഉയർത്തി വീശിയ 'പ്രൊഫ്കോൺ'
പി എൻ അബ്ദുല്ലത്വീഫ് മദനി

**20** ലേഖനം
വിദ്യാർഥികൾ ചരിത്രം കുറിച്ച 'പ്രൊഫ്കോൺ'
ഹന്ന മുഹമ്മദ്

**24** ആരോഗ്യപഥം
വാർധക്യം: കരുതലോടെ മുന്നേറാം
ഡോ: നഹ്‌ല തമന്ന

**26** അവലോകനം
പാലക്കാടിന്റെ പച്ചപ്പിൽ പ്രോജ്വലിച്ച പ്രൊഫ്കോൺ ദിനങ്ങൾ
സ്വന്തം ലേഖകൻ

**31** ലേഖനം
'എക്സ് മുസ്‌ലിമി'ന്റെ പൊയ്മുഖം
മുഫീദ് പാലക്കാഴി

**34** കാഴ്ച
ആത്മീയ വാണിഭങ്ങളും വിശ്വാസത്തിന്റെ അടിവേരുകളും
ടി.കെ അശ്റഫ്



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# പ്രൊഫഷണൽ കോളേജുകളിൽ അതിനൂതന കോഴ്സുകൾ ആരംഭിക്കണം: പ്രൊഫ്കോൺ

## 30-ാമത് പ്രൊഫ്കോണിന് പ്രൗഢോജ്ജ്വല സമാപനം

പാലക്കാട്: പ്രൊഫഷണൽ സ്ഥാപനങ്ങളിൽ എ.ഐ. അധിഷ്ഠിത, അതിനൂതന കോഴ്സുകൾ ആവിഷ്കരിക്കണമെന്നും പി.ജി. ഉൾപ്പെടെയുള്ള കോഴ്സുകളുടെ സീറ്റ് വർധിപ്പിക്കണമെന്നും പാലക്കാട് വാളയാർ അഹല്യ ക്യാമ്പസിൽ വച്ചു നടന്ന പ്രൊഫ്കോൺ സമാപന സമ്മേളനം ആവശ്യപ്പെട്ടു. സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും അക്കാദമിക നിലവാരം ഉയർത്താനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം. വിദ്യാഭ്യാസമെന്നത് തൊഴിൽ നേടാൻ മാത്രമുള്ള ഉപാധിയമല്ല; മാനവിക മൂല്യങ്ങൾ വളർത്തിയെടുക്കലാണ് അതിന്റെ അടിസ്ഥാന ലക്ഷ്യം. പ്രൊഫഷണൽ മേഖലകളിൽ ഗവേഷണത്തിനും പ്രായോഗിക പരിശീലനത്തിനും കൂടുതൽ സാധ്യത കൾ കൊണ്ടുവരാൻ സാധിക്കണമെന്നും പ്രൊഫ്കോൺ ആവശ്യപ്പെട്ടു.

പഠന ക്യാമ്പ് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി നബീൽ രണ്ടത്താണി ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് ഇ. സുജൈദ് അധ്യക്ഷത വഹിച്ചു. സമാപന സമ്മേളനം വിസ്ഡം സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സെക്രട്ടറി റിഷാദ് അൽഹികമി അധ്യക്ഷത വഹിച്ചു. വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ് മുഖ്യപ്രഭാഷണം നടത്തി.

വിവിധ സെഷനുകളിൽ കെ.പി. നൗഷാദലി എം.എൽ.എ, ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി, വിസ്ഡം സംസ്ഥാന സെക്രട്ടറി അബ്ദുൽ മാലിക് സലഫി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രസിഡന്റ് ടി. മുഹമ്മദ് ഷമീൽ, ജനറൽ സെക്രട്ടറി സഫ്‌വാൻ ബറാമി അൽഹികമി, സി.പി. സലീം, പീസ് റേഡിയോ സി.ഇ.ഒ. പ്രൊഫ. ഹാരിസ് ബിൻ സലീം, വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റ് പി.കെ. ശരീഫ് ഏലാങ്കോട്, സെക്രട്ടറി നാസിർ ബാലുശ്ശേരി, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി ഡോ. വി.പി. ബഷീർ, നുസ്ഹാൻ രണ്ടത്താണി, മൃതുൽ എം. മഹേഷ്, സമീൽ ഹസൻ, എസ്. അൽഅമീൻ, ഹിഷാം ഹസൻ, സജ്ജാദ് ബിൻ അബ്ദുറസാഖ്, ഷംജാസ് കെ. അബ്ബാസ്, സി. മുഹമ്മദ് അജ്മൽ, യാമിൻ നസാൻ, കലീം മഹ്മൂദ് സയ്യിദ്, പ്രൊഫ. അച്യുത ശങ്കർ എസ്. നായർ, മുബാറക് ബിലാൽ, ഫാലിഹ് സിയാദ്, അബ്ദുൽ ഹമീദ് പറപ്പൂർ, ടി.ടി. ജഹ്ഫർ, ത്വാഹ റഷാദ്, മുഹമ്മദ് ബിൻ ശാക്കിർ, നിഷാദ് സ്വലാഹി, കലീം മഹ്മൂദ് സയ്യിദ്, ഡോ. മുഹമ്മദ് മുബഷിർ, അസ്ഹർ അബ്ദുറസാഖ്, ശദീദ് ഹസൻ, ഡോ. മുഹമ്മദ് റോഷൻ എന്നിവർ പ്രഭാഷണം നടത്തി.

മൂന്ന് ദിവസങ്ങളിലായി നടന്ന സമ്മേളനനം 6 വേദികളിലായി ഇംഗ്ലീഷ്, മലയാളം, അറബിക്, തമിഴ് ഭാഷകളിലായി 75 സെഷനുകളാണ് ഒരുക്കിയിത്.

# തൂഫാന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രൊഫ്കോൺ സമാപന സമ്മേളനം

പാലക്കാട്: സംസ്ഥാന സർക്കാരിന്റെ 'തൂഫാൻ' ലഹരി വിരുദ്ധ പ്രവർത്തനങ്ങളോട് സമ്പൂർണ ഐക്യദാർഢ്യവുമായി വിസ്ഡം സ്റ്റുഡന്റ്സ് 30-ാമത് പ്രൊഫ്കോൺ സമ്മേളനം.

പ്രോഫ്കോൺ സമ്മേളന സമാപന ദിനമാണ് ഇന്ത്യയുടെ വിവിധ ക്യാമ്പസുകളിൽ നിന്നെത്തിയ ആയിരക്കണക്കിന് വിദ്യാർഥികൾ ലഹരിയുടെ വിപത്തുകൾ വിളിച്ചോതുന്ന പ്ലക്കാർഡ് ഉയർത്തി ഐക്യദാർഢ്യം പ്രഖ്യാപിച്ചത്.

തൂഫാൻ ഐക്യദാർഢ്യ സമ്മേളനം വി.കെ. ശ്രീകണ്ഠൻ എം.പി. ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന സെക്രട്ടറി റിഷാദ് പൂക്കാടഞ്ചേരി അധ്യക്ഷത വഹിച്ചു.

വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സമിതിക്ക് കീഴിൽ ക്യാമ്പസുകൾക്ക് അകത്തും പുറത്തും വിവിധങ്ങളായ ബോധവത്ക്കരണ പരിപാടികൾക്ക് തുടക്കം കുറിച്ചു.

# അഴിമതിമുക്ത ഭരണം അസാധ്യമോ?

ജനാധിപത്യസംവിധാനത്തിന്റെ കാവലാളുകളാകേണ്ട ഭരണാധികാരികളും ഉദ്യോഗസ്ഥവൃന്ദവും തങ്ങളുടെ സ്വാർഥതാൽപര്യങ്ങൾക്കായി അധികാര ദുർവിനിയോഗം നടത്തുമ്പോൾ തകരുന്നത് സാധാരണക്കാരന്റെ പ്രതീക്ഷകളാണ്. ജനക്ഷേമത്തിനായി നടപ്പിലാക്കേണ്ട പദ്ധതികളും സേവനങ്ങളും അഴിമതിയുടെ കറുത്ത കരങ്ങളാൽ വഴിതിരിച്ചു വിടപ്പെടുമ്പോൾ, ദിനംപ്രതി പ്രയാസപ്പെടുന്നത് സാധാരണക്കാരായ ജനങ്ങളാണ്.

ഒരു സാധാരണക്കാരന് സർട്ടിഫിക്കറ്റിനായും അർഹതപ്പെട്ട ആനുകൂല്യങ്ങൾക്കായും കൈക്കൂലി നൽകേണ്ടിവരുന്ന അവസ്ഥ ജനാധിപത്യ സമൂഹത്തിന് അപമാനം തന്നെയാണ്. ചില ഉദ്യോഗസ്ഥരെ ചെറുതോ വലുതോ ആയ തുക കൈക്കൂലി വാങ്ങിയതിന് വിജിലൻസ് പിടികൂടിയ വാർത്ത നാം ഇടയ്ക്കിടെ കേൾക്കാറുണ്ട്. താൽക്കാലികമായ സസ്പെൻഷനോ സ്ഥലം മാറ്റമോ ആയിരിക്കും അവർക്കു ലഭിക്കുന്ന 'കടുത്ത' ശിക്ഷ! അവർ എവിടെച്ചെന്നാലും കൈക്കൂലി വാങ്ങാതിരിക്കുമോ? അപൂർവം ചിലർ മാത്രമെ കൈക്കൂലിക്കാർക്കെതിരെ പ്രതികരിക്കൂ; കാരണം എങ്ങനെയെങ്കിലും തങ്ങളുടെ ആവശ്യം നടക്കണമെന്നതായിരിക്കും അവരുടെ ചിന്ത. ഈ നിസ്സഹായാവസ്ഥയെയാണ് ഉദ്യോഗസ്ഥർ ചൂഷണം ചെയ്യുന്നത്.

ജനസേവനത്തിനായി നിയമിക്കപ്പെട്ട, കനത്ത ശമ്പളം വാങ്ങുന്ന ചില ഉദ്യോഗസ്ഥർ തങ്ങളുടെ ചുമതലകൾ മറന്ന് അഴിമതിയെ ഒരു അവകാശമായി കാണുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. നിയമങ്ങളും വിജിലൻസ് സംവിധാനങ്ങളുമൊക്കെ നിലവിലുണ്ടെങ്കിലും, തെറ്റു ചെയ്യുന്നവർ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുന്ന അവസ്ഥയാണ് അഴിമതി തടയുന്നതിൽ പ്രധാന വെല്ലുവിളിയാകുന്നത്. രാഷ്ട്രീയ സംരക്ഷണവും ഉദ്യോഗസ്ഥ തലത്തിലുള്ള ഒത്തുകളികളും കാരണം കേവലം അന്വേഷണ പ്രഹസനങ്ങൾക്കപ്പുറം കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നില്ല. ഇത് തെറ്റു ചെയ്യാൻ മടിക്കാത്ത ഒരു അന്തരീക്ഷം സിസ്റ്റത്തിൽ സൃഷ്ടിക്കുന്നു.

കുറ്റം ചെയ്യുന്ന ഉദ്യോഗസ്ഥർ വിചാരണ നേരിടാതെ സർവീസിൽ തുടരുന്നതും ശിക്ഷാനടപടികൾ നീണ്ടുപോകുന്നതും അഴിമതി തുടരാൻ കാരണമാകുന്നു. ശിക്ഷാഭയമില്ലായ്മയും രക്ഷിക്കാൻ പാർട്ടി നേതൃത്വമുണ്ടെന്ന ചിന്തയും തെറ്റുകൾ തുടരാൻ ധൈര്യം നൽകുന്നു.

എത്രയെത്ര അഴിമതിക്കഥകളുടെ വാർത്തകളാണ് ദിനേന നാം കേട്ടുകൊണ്ടിരിക്കുന്നത്! കേസുകൾ അനന്തമായി നീണ്ടുപോകുന്നുഎന്നല്ലാതെ ആരാണു ശിക്ഷിക്കപ്പെടുന്നത്? കടിക്കാൻ വരുന്ന പട്ടിയെയോ പാമ്പിനെയോ കൊന്നാൽ അതിവേഗ നടപടിയുണ്ടാകുന്ന നാടാണിതെന്നത് ഓർക്കുക!

വലിയ രീതിയിൽ അഴിമതിയാരോപനങ്ങൾ ഉയർന്നിട്ടും നിയമപരമായ വിടവുകൾ, തെളിവുകളുടെ അഭാവം അല്ലെങ്കിൽ രാഷ്ട്രീയ സ്വാധീനം എന്നിവ കാരണം പ്രതികൾ ശിക്ഷിക്കപ്പെടാതെ പോവുകയോ കേസ് എങ്ങുമെത്താതെ നിൽക്കുകയോ ചെയ്ത എത്രയോ സംഭവങ്ങൾ ഇന്ത്യയുടെ ചരിത്രത്തിലുണ്ട്. ബോഫോഴ്സ് പീരങ്കി ഇടപാട്, 2 ജി സ്പെക്ട്രം കൈക്കൂലി കേസ് പോലുള്ളവ ഉദാഹരണം. 2 ജി സ്പെക്ട്രം കൈക്കൂലി രാജ്യത്തിന് 1.76 ലക്ഷം കോടി രൂപയുടെ നഷ്ടമുണ്ടാക്കി എന്നാണ് കണക്കാക്കപ്പെട്ടിരുന്നത്.

ഭരണകൂടവും ഉദ്യോഗസ്ഥരും ജനങ്ങളോടു പൂർണ ഉത്തരവാദിത്തമുള്ളവരായി മാറുമ്പോൾ മാത്രമെ അഴിമതിരഹിതമായ ഒരു ഭരണം സാധ്യമാകൂ. തെറ്റു ചെയ്യുന്നവർ ഭരണതലത്തിലായാലും ഉദ്യോഗസ്ഥതലത്തിലായാലും ശിക്ഷിക്കപ്പെടുമെന്ന ഭയം സൃഷ്ടിക്കാൻ നിയമസംവിധാനങ്ങൾക്ക് കഴിയണം. അഴിമതിക്കെതിരെ ജനങ്ങൾക്കിടയിൽ ശക്തമായ പ്രതികരണശേഷിയും ഉദ്യോഗസ്ഥരിൽ ധാർമിക ബോധവും വളർന്നുവന്നാൽ മാത്രമെ സുതാര്യവും നീതിപൂർവവുമായ ഒരു ഭരണസംവിധാനം നിലവിൽ വരൂ. ■

# സൂറ: അശ്ശുഅറാഅ്

## കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَإِنَّهُۥ لَتَنزِيلُ رَبِّ ٱلْعَٰلَمِينَ ﴿١٩٢﴾

192. തീർച്ചയായും ഇത് (ക്വുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചതു തന്നെയാകുന്നു.

*192) മുൻവചനങ്ങളിൽ പൂർവ പ്രവാചകന്മാരുടെയും അവരുടെ സമുദായങ്ങളുടെയും കഥകൾ വിവരിച്ചു. അവർ എങ്ങനെയാണ് പ്രബോധനം നടത്തിയത്, അതിനോട് എങ്ങനെയാണ് അവരുടെ ജനത പ്രതികരിച്ചത്, അല്ലാഹു അവരുടെ ശത്രുക്കളെ എങ്ങനെ നശിപ്പിച്ചു, അവസാനം അവർ എങ്ങനെ വിജയിച്ചു എന്നെല്ലാം പറഞ്ഞ ശേഷം മഹാനായ ദൂതനും ആദരണീയ പ്രവാചകനുമായ മുഹമ്മദ്(സ്വ)യെക്കുറിച്ചാണ് പറയുന്നത്. ചിന്തിക്കുന്നവർക്ക് മാർഗദർശനത്തിന്റെ മഹത്തായ ഗ്രന്ഥവുമായിട്ടാണ് അദ്ദേഹം വന്നത്.*

*(തീർച്ചയായും ഇത് ലോകരക്ഷിതാവ് അവതരിപ്പിച്ചതുതന്നെയാകുന്നു) അത് ഇറക്കിയത് ആകാശഭൂമികളുടെ സ്രഷ്ടാവാണ്. അവൻ പ്രപഞ്ചത്തെ മുഴുവനും ഈ ലോകവും ഉപരിലോകവുമെല്ലാം നിയന്ത്രിക്കുന്നു. ഐഹിക കാര്യങ്ങളിലും അവരുടെ ശാരീരിക ക്ഷേമത്തിലും ശരിയായ വഴി കാണിക്കുന്നു. അവൻ അവരെ സംരക്ഷിക്കുന്നതുപോലെ പരലോകത്തെ ക്ഷേമത്തിനുള്ള വഴിയും അവൻ കാണിച്ചു പരിപാലിക്കുന്നു. അവൻ അവർക്ക് ഏറ്റവും വലിയ രക്ഷ നൽകിയത് ക്വുർആൻ അവതരിപ്പിച്ചതിലൂടെയാണ്. ധാരാളം നന്മകളും വർധിച്ച അനുഗ്രഹങ്ങളും അടങ്ങുന്നതാണ് ഈ മഹത്തായ ഗ്രന്ഥം. ഇഹത്തിലും പരത്തിലും ജനങ്ങളുടെ നന്മക്കുള്ള ഏറ്റവും നല്ല മാർഗനിർദേശങ്ങൾ അതിലുണ്ട്. ജനങ്ങളുടെ ഉപകാരത്തിനും സന്മാർഗത്തിനും മറ്റൊരു ഗ്രന്ഥത്തിലും കാണാത്ത നീതിപൂർവകമായ സ്വഭാവ പെരുമാറ്റ നിയമങ്ങൾ അതിലുണ്ട്. 'തീർച്ചയായും ഇതു ലോകരക്ഷിതാവിൽ നിന്ന് അവതരിച്ചതാണ്' എന്ന പ്രയോഗത്തിൽ ഇത് അല്ലാഹുവിൽനിന്നുള്ളതു തന്നെയാണെന്നും ഇത് ആദരിക്കപ്പെടേണ്ടതും മഹത്ത്വപ്പെടുത്തേണ്ടതും പരിഗണിക്കപ്പെടേണ്ടതുമാണെന്ന സൂചനയുണ്ട്. ഇത് മറ്റാരിൽനിന്നും അല്ലെന്നും ഇതിൽ നിങ്ങളെ നേർമാർഗത്തിലേക്ക് നയിക്കുന്നതായ ധാരാളം പ്രയോജനങ്ങളുണ്ടെന്നും മനസ്സിലാക്കാം.*

---

نَزَلَ بِهِ ٱلرُّوحُ ٱلْأَمِينُ ﴿١٩٣﴾

193. വിശ്വസ്താത്മാവ് (ജിബ്‌രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു.

عَلَىٰ قَلْبِكَ لِتَكُونَ مِنَ ٱلْمُنذِرِينَ ﴿١٩٤﴾

194. നിന്റെ ഹൃദയത്തിൽ. നീ താക്കീതു നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത്.

بِلِسَانٍ عَرَبِيٍّ مُّبِينٍ ﴿١٩٥﴾

195. സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്).

*193-195) (വിശ്വസ്താത്മാവ് -ജിബ്‌രീൽ- അതുംകൊണ്ട് ഇറങ്ങിയിരിക്കുന്നു) മലക്കുകളിൽ ഏറ്റവും ശക്തനും ഉന്നതനുമാണ് ജിബ്‌രീൽ. തന്നെ ഏൽപിച്ചതിൽ കൂട്ടുകയോ കുറക്കുകയോ ചെയ്യാത്ത വിശ്വസ്തനുമാണ്. (നിന്റെ ഹൃദയത്തിൽ) മുഹമ്മദേ, താങ്കളുടെ. (നീ താക്കീതു നൽകുന്നവരുടെ കൂട്ടത്തിൽ ആയിരിക്കാൻ വേണ്ടിയത്രെ അത്) അതിലൂടെ ജനങ്ങളെ നേർവഴിയിലേക്കു നയിക്കുകയും പാതയേതെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുക. (സ്പഷ്ടമായ അറബി ഭാഷയിലാണ് അത് അവതരിപ്പിച്ചത്) ഏറ്റവും ശ്രേഷ്ഠമായ ഭാഷ, നിയോഗിക്കപ്പെട്ട ദൂതന്റെ ഭാഷ. അതു മുഖേനയാണ് അദ്ദേഹം അവരെ ക്ഷണിച്ചത്.*

*അഭിമാനകരമായ ഈ മഹത്ത്വങ്ങളെല്ലാം ഈ ഗ്രന്ഥത്തിൽ എങ്ങനെ സമ്മേളിച്ചുവെന്ന് നീ ചിന്തിച്ചു നോക്കൂ! ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത്, മലക്കുകളിൽ ഏറ്റവും ശ്രേഷ്ഠമായവനിലൂടെ സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠനായവന് ഇറക്കി. മനുഷ്യശരീരത്തിലെ ഏറ്റവും ശ്രേഷ്ഠമായ ഭാഗത്ത്; അത് അദ്ദേഹത്തിന്റെ ഹൃദയമാണ്. അത് ഇറക്കപ്പെട്ടതാവട്ടെ മനുഷ്യർക്കായി കൊണ്ടുവന്ന ഉത്തമ സമുദായത്തിൽ. ഏറ്റവും മികച്ചതും സമ്പന്നവുമായ ഭാഷയിൽ; അതായത് സ്പഷ്ടമായ അറബിഭാഷയിൽ.* ■




# ഇന്ത്യയിലെ ഭരണഘടനാ അവകാശങ്ങൾ

അഡ്വ. പി കെ എ റഹീം
: 9562134246

ഇന്ത്യ ഒരു ജനാധിപത്യ, മതനിരപേക്ഷ, റിപ്പബ്ലിക്കൻ രാഷ്ട്രമാണ്. രാജ്യത്തിന്റെ ഭരണഘടന വ്യക്തി സ്വാതന്ത്ര്യത്തിനും മനുഷ്യാവകാശങ്ങൾക്കും നിയമവാഴ്ച്ചക്കും പരമപ്രാധാന്യം നൽകുന്നു. മതസ്വാതന്ത്ര്യം, സംസാര സ്വാതന്ത്ര്യം, ആവിഷ്കാര സ്വാതന്ത്ര്യം, നിയമത്തിന് മുന്നിലെ സമത്വം, നീതിയിലേക്കുള്ള പ്രവേശനം തുടങ്ങിയ അവകാശങ്ങൾ ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളാണ്. എന്നാൽ ഇത്തരം അവകാശങ്ങൾ പൂർണമായും നിയന്ത്രണരഹിതമല്ല. വ്യക്തികൾ, മാധ്യമങ്ങൾ, മതസ്ഥാപനങ്ങൾ, സർക്കാർ സംവിധാനങ്ങൾ, നിയമനിർവഹണ ഏജൻസികൾ എന്നിവയെല്ലാം ഭരണഘടനയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കേണ്ട ഉത്തരവാദിത്തം വഹിക്കുന്നു.

മതപരമായ ചർച്ചകൾ, മാധ്യമ സംവാദങ്ങൾ, പോലീസ് നടപടികൾ, ന്യൂനപക്ഷ അവകാശങ്ങൾ എന്നിവയെ സംബന്ധിച്ച വിഷയങ്ങൾ വിലയിരുത്തുമ്പോൾ വികാരങ്ങളെക്കാളും രാഷ്ട്രീയ പ്രവണതകളെക്കാളും ഭരണഘടനാ മൂല്യങ്ങൾക്കും നിയമപരമായ മാനദണ്ഡങ്ങൾക്കും മുൻഗണന നൽകേണ്ടതാണ്.

**മതസ്വാതന്ത്ര്യവും മതനേതാക്കളുടെ പങ്കും**

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25 പ്രകാരം ഓരോ വ്യക്തിക്കും മനസ്സാക്ഷിയുടെ സ്വാതന്ത്ര്യവും മതത്തെ അവകാശപ്പെടാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശവും ഉറപ്പുനൽകുന്നു. ഈ അവകാശം പൊതുക്രമം, ധാർമികത, ആരോഗ്യം എന്നിവയ്ക്ക് വിധേയമാണ്.

മതം പ്രചരിപ്പിക്കുക എന്നത് ഒരു വിശ്വാസത്തിന്റെ ആശയങ്ങളും തത്ത്വങ്ങളും മറ്റുള്ളവർക്ക് വിശദീകരിക്കുക എന്ന അർഥത്തിലാണ് നിയമപരമായി മനസ്സിലാക്കപ്പെടുന്നത്. മതഗ്രന്ഥങ്ങളുടെ വ്യാഖ്യാനം നടത്തുക, ധാർമിക സന്ദേശങ്ങൾ പങ്കുവെക്കുക, വിശ്വാസികൾക്ക് മതപഠനം നൽകുക, മതപരമായ ചോദ്യങ്ങൾക്ക് വിശദീകരണം നൽകുക എന്നിവ ഇതിന്റെ പരിധിയിൽ വരുന്നു. അതിനാൽ പുരോഹിതന്മാർ, പാസ്റ്റർമാർ, ഇമാമുമാർ, സന്യാസിമാർ, പണ്ഡിതന്മാർ തുടങ്ങി എല്ലാ മതനേതാക്കൾക്കും അവരുടെ വിശ്വാസത്തിന്റെ അധ്യാപനങ്ങൾ അനുയായികൾക്ക് വിശദീകരിച്ചുകൊടുക്കാനുള്ള ഭരണഘടനാ അവകാശമുണ്ട്.

മതപരമായ പ്രസംഗങ്ങൾ, മതഗ്രന്ഥങ്ങളുടെ പഠനം, പൊതുചർച്ചകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയും പൊതുവെ ഈ സംരക്ഷണത്തിന്റെ ഭാഗമാണ്. എന്നാൽ മതസ്വാതന്ത്ര്യം എന്നത് ബലപ്രയോഗം, വഞ്ചന, ഭീഷണി എന്നിവ വഴിയോ നിയമവിരുദ്ധമായ പ്രേരണകൾ വഴിയോ മതപരിവർത്തനം നടത്താനുള്ള അവകാശമല്ല. അതുകൊണ്ടുതന്നെ മതപ്രചാരണം എന്നത് വിശ്വാസം വിശദീകരിക്കുന്നതും പങ്കുവയ് ക്കുന്നതുമാണ്.

**മതപണ്ഡിതരുടെ അഭിപ്രായങ്ങളെക്കുറിച്ചുള്ള പൊതുചർച്ച**

ആശയസ്വാതന്ത്ര്യം ഇന്ത്യയുടെ ജനാധിപത്യ സംവിധാനത്തിന്റെ പ്രധാന അടിത്തറകളിലൊന്നാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)(a) ഓരോ പൗരനും അഭിപ്രായപ്രകടന സ്വാതന്ത്ര്യം നൽകുന്നു. ഈ പശ്ചാത്തലത്തിൽ മതപണ്ഡിതരുടെ അഭിപ്രായങ്ങളും മതഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളും പൊതുചർച്ചയ്ക്ക് വിഷയമാകുന്നത് സ്വാഭാവികമാണ്. മതചിന്തകൾ പഠിക്കുക, വിമർശിക്കുക, പിന്തുണയ്ക്കുക, താരതമ്യം ചെയ്യുക, അക്കാദമിക് വിലയിരുത്തലുകൾ നടത്തുക എന്നിവ ജനാധിപത്യ സംവാദത്തിന്റെ ഭാഗമാണ്. ഒരു മതത്തിന്റെ ഉപദേശങ്ങളെയും പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങളെയും കുറിച്ചുള്ള സദ്‌വിശ്വാസപരമായ സംവാദത്തെ ഇന്ത്യൻ നിയമം വിലക്കുന്നില്ല.

എന്നാൽ അഭിപ്രായ സ്വാതന്ത്ര്യം ഉപയോഗിക്കുമ്പോൾ വിദ്വേഷം പരത്തുകയോ സമൂഹങ്ങൾ തമ്മിൽ ശത്രുത സൃഷ്ടിക്കുകയോ അക്രമത്തിന് പ്രേരിപ്പിക്കുകയോ ചെയ്താൽ അത് നിയമപരമായ നിയന്ത്രണങ്ങൾക്ക് വിധേയമാകും. അതിനാൽ മതപരമായ വിഷയങ്ങളിലെ സംവാദം പരസ്പര ബഹുമാനത്തോടെ നടത്തപ്പെടേണ്ടതാണ്.

**മാധ്യമങ്ങളുടെ സ്വാതന്ത്ര്യവും ഉത്തരവാദിത്തവും**

ഒരു ജനാധിപത്യ സമൂഹത്തിൽ മാധ്യമങ്ങൾക്ക് നിർണായക പങ്കുണ്ട്. ജനങ്ങളെ വിവരമറിയിക്കുക, അധികാര സംവിധാനങ്ങളെ ഉത്തരവാദിത്തം ബോധ്യപ്പെടുത്തുക, പൊതുചർച്ചകൾക്ക് വേദിയൊരുക്കുക തുടങ്ങിയ ബാധ്യതകൾ മാധ്യമങ്ങൾ നിർവഹിക്കുന്നു. പത്രസ്വാതന്ത്ര്യം ഭരണഘടനയിലെ അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ ഭാഗമായാണ് അംഗീകരിക്കപ്പെടുന്നത്.

എന്നാൽ മാധ്യമസ്വാതന്ത്ര്യം മാധ്യമ ഉത്തരവാദിത്തത്തിൽനിന്നുള്ള വിമുക്തിയല്ല. കൃത്യത, നിഷ്പക്ഷത, വിശ്വാസ്യത, വസ്തുതാപരത, സാമൂഹിക ഉത്തര

> **ഇന്ത്യൻ ഭരണഘടനയുടെ ശക്തി വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സാമൂഹിക ഉത്തരവാദിത്തത്തിന്റെയും സന്തുലിതാവസ്ഥയിലാണ്. മതസ്വാതന്ത്ര്യം ഓരോ വ്യക്തിക്കും തന്റെ വിശ്വാസം ആചരിക്കാനും പ്രചരിപ്പിക്കാനും അവസരം നൽകുന്നു. അഭിപ്രായ സ്വാതന്ത്ര്യം ആരോഗ്യകരമായ സംവാദത്തിന്റെയും ജ്ഞാനവികസനത്തിന്റെയും അടിത്തറയാണ്.**

വാദിത്തം എന്നിവ മാധ്യമപ്രവർത്തനത്തിന്റെ അടിസ്ഥാന തത്ത്വങ്ങളാണ്; പ്രത്യേകിച്ച് മതം, ജാതി, ഭാഷ, ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത അനിവാര്യമാണ്.

സ്ഥിരീകരിക്കാത്ത വിവരങ്ങൾ പ്രചരിപ്പിക്കൽ, പ്രത്യേക സമൂഹങ്ങളെ മനഃപൂർവം ലക്ഷ്യമിടൽ, തെറ്റിദ്ധരിപ്പിക്കുന്ന തലക്കെട്ടുകൾ ഉപയോഗിക്കൽ, അല്ലെങ്കിൽ മാധ്യമ വിചാരണകൾ നടത്തൽ എന്നിവ പൊതുജനവിശ്വാസത്തെയും സാമൂഹിക ഐക്യത്തെയും ബാധിക്കാം. അതിനാൽ വാർത്തകളും ചർച്ചകളും പ്രകോപനത്തിനും സംവേദനാത്മകതയ്ക്കും പകരം വസ്തുതകളുടെയും വിശകലനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണം.

### നിയമപരമായ പരിഹാരങ്ങൾ തേടാനുള്ള അവകാശം

ഭരണഘടന പൗരന്മാർക്ക് അവകാശങ്ങൾ നൽകുന്നതോടൊപ്പം അവ സംരക്ഷിക്കാനുള്ള സംവിധാ നങ്ങളും ഒരുക്കുന്നു. ഒരു വ്യക്തിയുടെ മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുകയാണെങ്കിൽ അദ്ദേഹം അല്ലെങ്കിൽ അവർ കോടതിയെ സമീപിക്കാൻ അർഹരാണ്.

ഭരണഘടനയുടെ ആർട്ടിക്കിൾ 32 സുപ്രീം കോടതിയെയും ആർട്ടിക്കിൾ 226 ഹൈക്കോടതികളെയും സമീപിക്കാനുള്ള അവകാശം ഉറപ്പുനൽകുന്നു. നിയമവിരുദ്ധമായ സർക്കാർ നടപടി, അധികാര ദുരുപയോഗം, അനീതിപരമായ പെരുമാറ്റം, അവകാശലംഘനം പോലുള്ളവ ഉണ്ടായാൽ പൗരന്മാർക്ക് ജുഡീഷ്യൽ ഇടപെടൽ തേടാം. നഷ്ടപരിഹാരം, നിയമവിരുദ്ധ ഉത്തരവുകൾ റദ്ദാക്കൽ, സംരക്ഷണ ഉത്തരവുകൾ, അടിസ്ഥാന അവകാശങ്ങളുടെ സംരക്ഷണം എന്നിവ കോടതികൾ വഴി ലഭ്യമാകാം. ജനാധിപത്യ സമൂഹത്തിൽ തർക്കങ്ങൾ പരിഹരിക്കേണ്ടത് നിയമത്തിന്റെ വഴിയിലൂടെയായിരിക്കണം; ജനക്കൂട്ട നീതിയിലൂടെയോ മാധ്യമ സമ്മർദത്തിലൂടെയോ അല്ല.

### പരാതികൾ സ്വീകരിക്കുമ്പോൾ പോലീസ് ഉദ്യോഗസ്ഥരുടെ കടമകൾ

പൊതുസുരക്ഷയും നിയമവാഴ്ചയും ഉറപ്പാക്കുന്നതിനുള്ള പ്രധാന സ്ഥാപനമാണ് പോലീസ്. നിയമ പ്രകാരം ലഭിക്കുന്ന പരാതികൾ സ്വീകരിക്കുകയും ആവശ്യമായ അന്വേഷണങ്ങൾ നടത്തുകയും ചെയ്യുക പോലീസ് ഉദ്യോഗസ്ഥരുടെ അടിസ്ഥാന കടമയാണ്.

ലളിത കുമാരി വേഴ്സസ് ഉത്തർപ്രദേശ് സർക്കാർ (2013) കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയതു പോലെ, ഒരു പരാതിയിൽ തിരിച്ചറിയാവുന്ന കുറ്റകൃത്യത്തിന്റെ ഘടകങ്ങൾ വ്യക്തമാകുന്നുവെങ്കിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാണ്. പരാതി സ്വീകരിക്കാതിരിക്കുകയോ അനാവശ്യമായി കാലതാമസം വരുത്തുകയോ ചെയ്യുന്നത് നിയമവിരുദ്ധമാണ്. അതേസമയം, അന്വേഷണം നടത്തുമ്പോൾ പോലീസ് നിഷ്പക്ഷത പാലിക്കണം. മതം, ജാതി, ഭാഷ, രാഷ്ട്രീയ അഭിപ്രായം, സാമൂഹിക പശ്ചാത്തലം എന്നിവ അന്വേഷണത്തെ സ്വാധീനിക്കാൻ പാടില്ല. തെളിവുകളും നിയമവുമാണ് അന്വേഷണത്തിന്റെ അടിസ്ഥാനമാകേണ്ടത്.

പോലീസ് അധികാരങ്ങൾ ഉപയോഗിക്കുമ്പോൾ ഭരണഘടന ഉറപ്പുനൽകുന്ന വ്യക്തിസ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും മാനിക്കപ്പെടണം. നിയമവിരുദ്ധമായ അറസ്റ്റ്, അധികാര ദുരുപയോഗം, വിവേചനപരമായ നടപടികൾ എന്നിവ കോടതികളുടെ പരിശോധനയ്ക്ക് വിധേയമാണ്. അതിനാൽ പൊതുസുരക്ഷ യും പൗരാവകാശ സംരക്ഷണവും ഒരുപോലെ ഉറപ്പാക്കേണ്ട ബാധ്യത പോലീസിനുണ്ട്.

ചുരുക്കത്തിൽ; ഇന്ത്യൻ ഭരണഘടനയുടെ ശക്തി വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സാമൂഹിക ഉത്തരവാദിത്തത്തിന്റെയും സന്തുലിതാവസ്ഥയിലാണ്. മതസ്വാതന്ത്ര്യം ഓരോ വ്യക്തിക്കും തന്റെ വിശ്വാസം ആചരിക്കാനും പ്രചരിപ്പിക്കാനും അവസരം നൽകുന്നു. അഭിപ്രായ സ്വാതന്ത്ര്യം ആരോഗ്യകരമായ സംവാദത്തിന്റെയും ജ്ഞാനവികസനത്തിന്റെയും അടിത്തറയാണ്. മാധ്യമങ്ങൾക്ക് സത്യസന്ധവും ഉത്തരവാദിത്തപരവുമായ വിവരവിനിമയം നിർവഹിക്കേണ്ട കടമയുണ്ട്. പോലീസിന് നിയമം നടപ്പിലാക്കാനുള്ള അധികാരമുണ്ടെങ്കിലും അത് ഭരണഘടനയുടെ പരിധിക്കുള്ളിൽ മാത്രമെ വിനിയോഗിക്കാവൂ.

ജനാധിപത്യസമൂഹത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളും വിശ്വാസങ്ങളും നിലനിൽക്കുന്നത് സ്വാഭാവികമാണ്. എന്നാൽ അവയെ കൈകാര്യം ചെയ്യേണ്ടത് നിയമവാഴ്ച, പരസ്പര ബഹുമാനം, ഭരണഘടനാ മൂല്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം. ഇന്ത്യയുടെ ഭരണഘടന സഹവർത്തിത്വത്തെയും നീതിയെയും നിയമത്തിനുമുന്നിലെ സമത്വത്തെയും പ്രോത്സാഹിപ്പിക്കുന്ന ഒരു ജീവിക്കുന്ന പ്രമാണമാണ്. ■




കവർ സ്റ്റോറി

# വാർത്താമുറികളിലെ വംശീയത: ഒരു ടെക്സ്റ്റ്ബുക്ക് കേസ്!

**ഡോ. അബ്ദുല്ല ബാസിൽ**
: 87141 74330

കേരളത്തിലെ പൊതുബോധത്തെ രൂപപ്പെടുത്തുന്നതിൽ മാധ്യമ ചർച്ചകൾക്കും വാർത്താമുറികൾക്കും വലിയ പങ്കുണ്ട്. എന്നാൽ സമീപകാലത്തായി, ഈ വാർത്താമുറികൾ ആരോഗ്യകരമായ സംവാദങ്ങൾക്കു പകരം വർഗീയവും വംശീയവുമായ ധ്രുവീകരണങ്ങളുടെ ഉത്പാദനകേന്ദ്രങ്ങളായി മാറുന്നുണ്ടോ എന്ന ഗൗരവതരമായ ചോദ്യം സമൂഹത്തിനു മുന്നിൽ ഉയരുകയാണ്. കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാർ നടത്തിയ ഒരു പരാമർശത്തെ മുൻനിർത്തി ഒരു മലയാളം വാർത്താ ചാനലിൽ നടന്ന ചർച്ചയും അതി

**കേരളീയ പൊതുബോധ രൂപീകരണത്തിൽ നിർണായക പങ്കുവഹിക്കുന്ന മാധ്യമങ്ങൾ, സംവാദങ്ങൾക്കു പകരം വർഗീയ-വംശീയ ധ്രുവീകരണത്തിന്റെ കേന്ദ്രങ്ങളായി മാറുന്നുവോ എന്ന ആശങ്ക ശക്തമാകുകയാണ്. വിമർശനത്തിന്റെ മറവിൽ ഒരു സമുദായത്തിന്റെ മതപരമായ സാങ്കേതിക പദങ്ങളെ അശ്ലീലത്തോടും കുറ്റകൃത്യങ്ങളോടും ചേർത്തു വച്ച് ബോധപൂർവം അപകീർത്തിപ്പെടുത്തുന്നത് വംശീയതയാണ്. ഒരു വ്യക്തിയുടെ യാഥാസ്ഥിതിക നിലപാടിനെ സമൂഹത്തിന്റെ മുഴുവൻ ബാധ്യതയായി ചിത്രീകരിക്കുന്ന സാമാന്യവൽക്കരണം അപായകരമാണ്.**

നെത്തുടർന്നുണ്ടായ സംഭവവികാസങ്ങളും ഈ ചോദ്യത്തെ കൂടുതൽ പ്രസക്തമാക്കുന്നു. ഒരു വ്യക്തിയുടെ യാഥാസ്ഥിതിക നിലപാടുകളോടുള്ള വിയോജിപ്പ് എന്നതിനപ്പുറം, ഒരു സമുദായത്തെ ഒന്നടങ്കം പ്രതിക്കൂട്ടിൽ നിർത്തുന്ന ഭാഷയിലേക്ക് ഇത്തരം ചർച്ചകൾ വഴി മാറുമ്പോൾ അത് കേവലം ഒരു മാധ്യമത്തിന്റെ മാത്രം പ്രശ്നമല്ലാതാകുന്നു. മറിച്ച്, കേരളത്തിന്റെ ജനാധിപത്യ ഇടങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചില അപകടകരമായ പ്രവണതകളുടെ സൂചനയാണത്.

### വിമർശനവും വംശീയ അധിക്ഷേപവും തമ്മിലുള്ള അകലം

ജനാധിപത്യത്തിൽ വിമർശനാതീതരായി ആരുമില്ല.


മലയാള മനോരമ

അബ്ദുല്ല ബാസിലിനെതിരായ കേസ്: തുടർനടപടി മരവിപ്പിച്ചു

▸▸ മരവിപ്പിച്ചത് വാർത്താചാനൽ അവതാരകയുടെ പരാതിയിൽ എടുത്ത കേസിലെ നടപടി

തിരുവനന്തപുരം ● വാർത്താചാനൽ അവതാരകയുടെ പരാതിയിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ നേതാവ് അബ്ദുല്ല ബാസിലിനെതിരെ എടുത്ത കേസിൽ തുടർനടപടികൾ നിർത്തിവയ്ക്കാൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പൊലീസിനു നിർദേശം നൽകി. കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് യുഡിഎഫിലെ യുവജന സംഘടനകൾ രംഗത്തുവന്നതിനു പിന്നാലെയാണിത്.

ചാനൽ ചർച്ചയിലെ വർഗീയ പരാമർശങ്ങൾ തുറന്നുകാട്ടുക മാത്രമാണ് ബാസിൽ ചെയ്തതെന്നും അതിന്റെ പേരിൽ കേസെടുത്തത് അംഗീകരിക്കാനാവില്ലെന്നും നിലപാടെടുത്ത് യൂത്ത് ലീഗും യൂത്ത് കോൺഗ്രസും രംഗത്തുവന്നു. യൂത്ത് ലീഗ് നേതാവ് പി.കെ.ഫിറോസ് എംഎൽഎ ആഭ്യന്തര മന്ത്രിയെ വിളിച്ച് പ്രതിഷേധമറിയിച്ചു.

ഒരു മതപണ്ഡിതൻ പ്രസ്താവനകളെ നിശിതമായി വിമർശിക്കാനും അതിലെ യുക്തിയില്ലായ്മയെ പൊളിച്ചടുക്കാനും ഏതൊരു മാധ്യമത്തിനും പൂർണ അവകാശമുണ്ട്; അതാണ് സംവാദങ്ങളുടെ അടിസ്ഥാനവും. എന്നാൽ പ്രസ്തുത ചർച്ചയിൽ ഉപയോഗിക്കപ്പെട്ട ഭാഷയും ന്യൂസ് കാർഡുകളിലെ വാചകങ്ങളും ആ വിമർശനത്തിന്റെ അതിരുകൾ കടക്കുന്നതായിരുന്നു.

- ‘ആണൊരുത്തൻ കഞ്ചാവടിച്ചാലും എം.ഡി.എം.എ കേസിൽ അറസ്റ്റിലായാലും അന്യന്റെ പെണ്ണ് പിടിച്ചാലും അത് കിതാബിലെ സുന്നത്തെന്ന് കരുതുന്ന മതാചാര്യന്മാരുണ്ട്.’
- ‘അറിവുള്ള പെണ്ണെല്ലാം ഹറാം പിറപ്പോ?’
- ‘കിതാബിന്റെ സുന്നത്തെല്ലാം പുരുഷനോ?’
- ‘ഔറത്ത് മറക്കല്ലേ മറക്കല്ലേ എന്ന് പെണ്ണിനോട് മാത്രം പറയുന്നത് എന്തുകൊണ്ട്?’

ഈ പ്രയോഗങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും; ഇത് ഒരു വ്യക്തിയോടുള്ള വിയോജിപ്പല്ല. മറിച്ച്, ‘സുന്നത്ത്,’ ‘ഹറാം,’ ‘കിതാബ്,’ ‘ഔറത്ത്’ തുടങ്ങി ഒരു പ്രത്യേക മതവിഭാഗത്തിന്റെ സാങ്കേതിക പദങ്ങളെ ബോധപൂർവം അപകീർത്തികരമായ രീതിയിൽ ഉപയോഗിക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ഒരു വ്യക്തിയുടെ തെറ്റിനെ ഒരു സമുദായത്തിന്റെ മുഴുവൻ വിശ്വാസപ്രമാണ ങ്ങളുമായി കൂട്ടിക്കെട്ടി സാമാന്യവൽക്കരിക്കുന്നത് (Generalization) വംശീയതയുടെ ഏറ്റവും പ്രക

ടമായ ലക്ഷണമാണ്. ഇത് വിശ്വാസികളെ വേദനിപ്പിക്കുകയും സമൂഹത്തിൽ തെറ്റായ ആഖ്യാനങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന പ്രവർത്തനമാണ്.

**ചർച്ചയിലേക്കുള്ള ക്ഷണം മുതൽ...**

31/08/2026നാണ് സംഭവത്തിനാധാരമായ ചർച്ചയ്ക്ക് ലേഖകനു ക്ഷണം വരുന്നത്. സ്ത്രീകളുടെ പൊതുപ്രവേശവുമായി ബന്ധപ്പെട്ട് കാന്തപുരം മുന്നോട്ട് വെക്കുന്നതിൽനിന്ന് വ്യത്യസ്തമായ മതവീക്ഷണമാണ് ഉള്ളതെന്നു പറഞ്ഞുകൊണ്ട് ക്ഷണം സ്വീകരിക്കുന്നു. ആദ്യഘട്ടത്തിൽ മറ്റു മൂന്നുപേരെയായിരുന്നു പാനലിസ്റ്റുകളായി പറഞ്ഞിരുന്നത്. എന്നാൽ ചർച്ചയ്ക്ക് ഒരുമണിക്കൂർ മുമ്പ് സാമൂഹ്യമാധ്യമങ്ങളിൽ ഒരു വിദ്വേഷ യൂടൂബർ കൂടി പങ്കെടുക്കുന്ന ചർച്ചയായി പോസ്റ്ററുകൾ പ്രത്യക്ഷപ്പെടുന്നു.

ഉടനെ അവതാരകയെ ബന്ധപ്പെടുകയും മാന്യമായ ചർച്ചയാണ് എന്നു തെറ്റിദ്ധരിച്ചാണ് ക്ഷണം സ്വീകരിച്ചതെന്നും; ഇത്തരം നിലവാരം കുറഞ്ഞവരുള്ളത് അറിയിക്കാതെ ചർച്ച സംഘടിപ്പിച്ചത് ശരിയായില്ലെന്നും അറിയിച്ചു. മാത്രമല്ല, ഈ വിദ്വേഷ യൂടൂബർ എന്റെ മാതാവിനെ ലൈംഗികമായി അധിക്ഷേപിക്കുകയും വൃത്തികെട്ട ഭാഷയിൽ ഫേസ്ബുക്ക് പോസ്റ്റ് ഇടുകയും ചെയ്ത വ്യക്തിയാണ്. അതുമായി ബന്ധപ്പെട്ട നിയമനടപടികൾ മുന്നോട്ടു പൊയിക്കൊണ്ടിരിക്കുകയാണ്. അത്തരമൊരു വ്യക്തിയുടെ കൂടെ ചർച്ചക്ക് താൽപര്യമില്ലെന്നും ഞാൻ പിന്മാറുകയാണെന്നും അറിയിച്ചു. വിദ്വേഷപ്രചാരകനെ ചർച്ചയിൽ ഉൾപ്പെടുത്താൻ അവതാരക

**വംശീയതയെ തെളിവുസഹിതം വിശകലനം ചെയ്തു ചോദ്യം ചെയ്ത വ്യക്തിക്കെതിരെ പോലീസ് തിടുക്കത്തിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു എന്നതാണ് ഈ വിഷയത്തിലെ ഏറ്റവും ഭയപ്പെടുത്തുന്ന വസ്തുത. ഇവിടെ പ്രതിചേർക്കപ്പെട്ടതിന്റെ യുക്തിയാണ് പരിശോധിക്കപ്പെടേണ്ടത്. ഒരാൾ ഒരു പൊതു വിഷയത്തിൽ വിശകലന വീഡിയോ ചെയ്യുന്നു. ആ വീഡിയോയ്ക്ക് താഴെ ആയിരക്കണക്കിന് ആളുകൾ കമന്റിടുന്നു. അതിൽ ഏതെങ്കിലും അജ്ഞാതൻ നിയമവിരുദ്ധമായ ഒരു കമന്റ് ഇട്ടാൽ, വീഡിയോ ചെയ്തയാൾ എങ്ങനെ ഒന്നാം പ്രതിയാകും?**

കിണഞ്ഞു പരിശ്രമിച്ചെങ്കിലും അവസാനം ഒഴിവാക്കേണ്ടിവന്നു. പിന്നീട് കാണുന്നത്, ആ വിദ്വേഷപ്രചാരകൻ എന്താണോ പറയാനിരുന്നത് അതു മുഴുവൻ അവതാരകയുടെ നാവിലൂടെ പുറത്തുവരുന്നതാണ്!

ചർച്ചയിൽ വെച്ചുതന്നെ അത് തെറ്റാണെന്നും മാപ്പ് പറയണമെന്നും ആവർത്തിച്ചു പറഞ്ഞെങ്കിലും അവതാരക അതിന് തയ്യാറായില്ലെന്നു മാത്രമല്ല, ഈയുള്ളവന് സമയം അനുവദിച്ചതുമില്ല. അങ്ങനെയാണ് ചർച്ചക്കു ശേഷം ഉടനെത്തന്നെ സാമൂഹ്യമാധ്യമങ്ങളിലൂടെ, സംഭവിച്ച കാര്യങ്ങൾ ചൂണ്ടിക്കാണിച്ച്, അവതാരകയുടെ വംശീയ പരമർശങ്ങൾ കേൾപ്പിച്ച് ഒരു വീഡിയോ ചെയ്യുന്നത്. ജാതിമത ഭേദമന്യെ എല്ലാവരും ചാനലിനെതിരെ രംഗത്തു വരികയും മാപ്പു പറയണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഒടുവിൽ ചാനലിന് പ്രസ്തുത വംശീയ പരാമർശങ്ങളടങ്ങിയ ചർച്ച പിൻവലിക്കേണ്ടിവന്നു. ഇതോടൊപ്പം ചാനൽ പുറത്തുവിട്ട ഖേദപ്രകടനത്തിൽ വംശീയത സംഭവിച്ചുപോയി എന്ന തുറന്നു പറച്ചിലിനു പകരം ആരൊക്കെയോ 'ദുർവ്യാഖ്യാനം ചെയ്ത് പ്രചരിപ്പിക്കുന്ന സാഹചര്യത്തിൽ,' 'ആരുടെയെങ്കിലും വികാരം വ്രണപ്പെട്ടിട്ടുണ്ടെങ്കിൽ' എന്നൊക്കെയുള്ള പരാമർശങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഇത്രയേറെ വലിയ വംശീയ പരാമർശങ്ങൾ ഉണ്ടായിട്ടും അതിനെ ഒട്ടും ആത്മാർഥതയില്ലാതെ, ഗൗരവരഹിതമായി സമീപിച്ചത് വീണ്ടും വിമർശങ്ങൾക്ക് വഴിവെച്ചു. പക്ഷേ, പിന്നീടു കണ്ടത് വിചിത്രമായ ചില നടപടികളായിരുന്നു..

വിദ്വേഷ വാക്കുകൾ പറഞ്ഞ അവതാരക, അത്

ചൂണ്ടിക്കാണിച്ച ലേഖകനെതിരെ കേസ് കൊടുക്കുന്നു! ചാനലിൽ വംശീയ വിദ്വേഷം ഛർദിച്ച അവതാരകയ്ക്കെതിരെ നടപടിയെടുക്കാതിരുന്ന പോലീസ് തിടുക്കത്തിൽ ജാമ്യമില്ലാ വകുപ്പുകളടക്കം ചേർത്തുകൊണ്ട് കേസെടുക്കുന്നു. അത് ആഘോഷിച്ചുകൊണ്ട് അവതാരകയും ചാനലും 'ഒന്നാം പ്രതി അബ്ദുല്ലാ ബാസിൽ' എന്നു ന്യൂസ് കാർഡ് ഇറക്കി ആഘോഷിക്കുന്നു!

വംശീയതയെ തെളിവുസഹിതം വിശകലനം ചെയ്തു ചോദ്യം ചെയ്ത വ്യക്തിക്കെതിരെ പോലീസ് തിടുക്കത്തിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു എന്നതാണ് ഈ വിഷയത്തിലെ ഏറ്റവും ഭയപ്പെടുത്തുന്ന വസ്തുത. ഇവിടെ പ്രതിചേർക്കപ്പെട്ടതിന്റെ യുക്തിയാണ് പരിശോധിക്കപ്പെടേണ്ടത്. ഒരാൾ ഒരു പൊതു വിഷയത്തിൽ വിശകലന വീഡിയോ ചെയ്യുന്നു. ആ വീഡിയോയ്ക്ക് താഴെ ആയിരക്കണക്കിന് ആളുകൾ കമന്റിടുന്നു. അതിൽ ഏതെങ്കിലും അജ്ഞാതൻ നിയമവിരുദ്ധമായ ഒരു കമന്റ് ഇട്ടാൽ, വീഡിയോ ചെയ്തയാൾ എങ്ങനെ ഒന്നാം പ്രതിയാകും?

**യൂത്ത് ലീഗ്, യൂത്ത് കോൺഗ്രസ് നേതൃത്വങ്ങളും ജനപ്രതിനിധികളും വിവിധ സംഘടനാ നേതാക്കമാരും ന്യായത്തിനു വേണ്ടി നിലകൊണ്ടു. സ്വന്തം പോലീസിന്റെ നടപടിയെ ന്യായീകരിക്കാതെ, തെറ്റു തെറ്റാണെന്നു പറയാൻ ഭരണപക്ഷ പാർട്ടികളുടെ നേതൃത്വങ്ങൾ കാണിച്ച ആർജവം വലുതാണ്. ഇടതു നേതാക്കന്മാരാരും നീതിക്കു വേണ്ടി ശബ്ദിക്കാൻ മുന്നോട്ടുവന്നില്ലെങ്കിലും സാമൂഹ്യ മാധ്യമങ്ങളിൽ ഇടതുപക്ഷക്കാരായ ആക്റ്റിവിസ്റ്റുകൾ നീതിക്കൊപ്പം തന്നെയായിരുന്നു.**



ഈ കേസ് കേവലം ഒരു വ്യക്തിക്കെതിരായ നടപടിയല്ല; ഭാവിയിൽ ആർക്കെതിരെയും പ്രയോഗിക്കാവുന്ന ഒരു അപകടകരമായ 'ടെംപ്ലേറ്റ്' (Template) ആണ്. ഈ യുക്തി അംഗീകരിക്കപ്പെട്ടാൽ, കേരളത്തിൽ ഒരു പൊതുപ്രവർത്തകനോ മാധ്യമപ്രവർത്തകനോ സ്വതന്ത്രമായി അഭിപ്രായം പറയാൻ കഴിയില്ല. ഒരു ഫേക്ക് അക്കൗണ്ടും ഒരു മോശം കമന്റും ഉപയോഗിച്ച് ആരെയും കേസിൽ കുടുക്കാം എന്ന അവസ്ഥ വരും.

ശക്തമായ ജനകീയ പ്രതിഷേധത്തെ തുടർന്ന് കേസ് നിർത്തിവെക്കാൻ പോലീസ് തയ്യാറായെങ്കിലും, അതൊരു പൂർണമായ പരിഹാരമല്ല. ഒരു കേസ് മരവിപ്പിക്കുക എന്നത് എപ്പോൾ വേണമെങ്കിലും വീണ്ടും സജീവമാക്കാവുന്ന ഒരു ഭീഷണിയാണ്. ഒരാളുടെ തലയ്ക്കു മുകളിൽ ഒരു എഫ്.ഐ.ആർ തൂങ്ങിക്കിടക്കുക എന്നത് അയാളുടെ പൊതുജീവിതത്തെയും അഭിപ്രായ സ്വാതന്ത്ര്യത്തെയും 'മരവിപ്പിക്കുക' എന്ന ലക്ഷ്യത്തോടെയുള്ളതാണ്. ശിക്ഷിക്കപ്പെടുമോ എന്നതിനെക്കാൾ, ഭാവിയിൽ സംസാരിക്കാൻ മടിക്കുമോ എന്നതാണ് ഇത്തരം കേസുകളുടെ വിജയമായി കണക്കാക്കപ്പെടുന്നത്.

### നീതിനിർവഹണത്തിലെ ഇരട്ടത്താപ്പും സർക്കാരിന്റെ ഇടപെടലും

ഇത്തവണ ഈ ഇരട്ടത്താപ്പിനെതിരെ ശക്തമായ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടായി എന്നത് ശ്രദ്ധേയ മാണ്. യൂത്ത് ലീഗ്, യൂത്ത് കോൺഗ്രസ് നേതൃത്വങ്ങളും ജനപ്രതിനിധികളും വിവിധ

സംഘടനാ നേതാക്കമാരും ന്യായത്തിനു വേണ്ടി നിലകൊണ്ടു. സ്വന്തം പോലീസിന്റെ നടപടിയെ ന്യായീകരിക്കാതെ, തെറ്റു തെറ്റാണെന്നു പറയാൻ ഭരണ പക്ഷ പാർട്ടികളുടെ നേതൃത്വങ്ങൾ കാണിച്ച ആർജവം വലുതാണ്. ഇടതു നേതാക്കന്മാരാരും നീതിക്കു വേണ്ടി ശബ്ദിക്കാൻ മുന്നോട്ടുവന്നില്ലെങ്കിലും സാമൂഹ്യ മാധ്യമങ്ങളിൽ ഇടതുപക്ഷക്കാരായ ആക്റ്റിവിസ്റ്റുകൾ നീതിക്കൊപ്പം തന്നെയായിരുന്നു. ഇതിന്റെ ഫലമായി ആഭ്യന്തര മന്ത്രി ഇടപെടുകയും, ലേഖകനെതിരെയുള്ള കേസ് മരവിപ്പിക്കുകയും, വിദ്വേഷ പ്രചാരണം നടത്തിയ യൂട്യൂബർക്കെതിരെ അന്വേഷണം ആരംഭിക്കുകയും, ഒടുവിൽ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുക്കുകയും ചെയ്തു. ഈ നടപടി സ്വാഗതാർഹമാണെങ്കിലും, വലിയ പൊതുജനശ്രദ്ധ ലഭിക്കുന്ന പരാതികളിൽ മാത്രം നടപടിയുണ്ടാകുന്ന അവസ്ഥ മാറേണ്ടതുണ്ട്. ഇത് സിസ്റ്റത്തിന്റെ സ്വാഭാവിക നടപടിക്രമമായി മാറണം.

**വിദ്വേഷത്തിന്റെ സാധാരണവത്ക്കരണം**

(Normalization of Hate)

പത്തു വർഷം മുമ്പ് മലയാളിയുടെ ചർച്ചാമണ്ഡലത്തിൽ ഇല്ലാതിരുന്ന പദാവലികളാണ് ഇന്ന് വാർത്താമുറികളിൽ യാതൊരു തടസ്സവുമില്ലാതെ ഒഴുകിയെത്തുന്നത്. ഇതിനു പിന്നിൽ കൃത്യമായ ഒരു ചരിത്രമുണ്ട്. മതവിമർശനം എന്ന പേരിൽ അശ്ലീലവും വംശീയവുമായ പദപ്രയോഗങ്ങൾ പൊതുസമൂഹത്തിലേക്ക് കടത്തിവിട്ട ഒരുകൂട്ടം വിദ്വേഷ യൂട്യൂബർമാരുടെയും പ്രൊ-സയണിസ്റ്റ് പ്രൊഫൈലുകളുടെയും സൃഷ്ടിയാണത്.

അവർ സൃഷ്ടിച്ച ഭാഷ യൂട്യൂബ് കമന്റ്ബോക്സുകളിൽനിന്ന് തുടങ്ങി, ക്രമേണ ദൈനംദിന സംസാ രത്തിലേക്കും ഒടുവിൽ മുഖ്യധാരാ ന്യൂസ് സ്റ്റുഡിയോകളിലേക്കും വളർന്നിരിക്കുന്നു. ഒരു വാർത്തയുടെ സ്ക്രിപ്റ്റ് എഴുതുന്നയാൾക്കും അത് വായിക്കുന്ന അവതാരകയ്ക്കും അതിനു ഗ്രാഫിക്സ് നൽകുന്ന ഡിസൈനർക്കും ഈ ഭാഷ കടന്നുപോകുമ്പോൾ അതിൽ യാതൊരു അസ്വാഭാവികതയും തോന്നുന്നില്ല എന്നതാണ് ഏറ്റവും

> **ബോധപൂർവമായ വിദ്വേഷത്തെക്കാൾ ഭയക്കേണ്ടത് ഇത്തരത്തിൽ 'നോർമലൈസ്' ചെയ്യപ്പെട്ട വിദ്വേഷങ്ങളെയാണ്. കാരണം, സാധാരണമായിപ്പോയ ഒന്നിനെ ചൂണ്ടിക്കാണിക്കുമ്പോൾ 'ഇതിലെന്താണ് പ്രശ്നം' എന്ന മറുചോദ്യമാകും വരിക. അതുകൊണ്ടുതന്നെ, ആ ചാനൽ അവതാരകയെ ഒരു വ്യക്തിയെന്ന നിലയിൽ സൈബർ ആക്രമണങ്ങൾക്ക് ഇരയാക്കുന്നതിൽ യാതൊരു അർഥവുമില്ല. വ്യക്തിയെ വേട്ടയാടുക എന്നതല്ല, മറിച്ച് ഈ സാമൂഹ്യാന്തരീക്ഷത്തെയും അത് നിർമിച്ചെടുത്ത സിസ്റ്റത്തെയും ചോദ്യം ചെയ്യുകയാണു വേണ്ടത്.**


മാധ്യമം

അബ്ദുല്ല ബാസിലിനെതിരായ കേസ്

തുടർനടപടി നിർത്താൻ നിർദേശം

**തിരുവനന്തപുരം:** മാധ്യമപ്രവർത്തകയുടെ പരാതിയിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ നേതാവ് ഡോ. അബ്ദുല്ല ബാസിലിനെതിരെ രജിസ്റ്റർ ചെയ്ത കേസിലെ തുടർനടപടികൾ നിർത്താൻ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുടെ നിർദേശം. ബിഗ് ടി.വി അവതാരക നൽകിയ പരാതിയിൽ കേസെടുത്തത് ഏറെ വിമർശനങ്ങൾക്ക് കാരണമായിരുന്നു. കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാരുടെ സ്ത്രീ പരാമർശവുമായി ബന്ധപ്പെട്ട ചാനൽ ചർച്ചയുടെ പേരിലായിരുന്നു ബാസിലിനെതിരെ കൊച്ചി സൈബർ പൊലീസ് കേസെടുത്തത്.

മാധ്യമ ചർച്ചയിലെ അവതാരകയുടെ മാന്യതക്ക് കളങ്കം വരുത്തുന്ന രീതിയിൽ വസ്തുതകൾ തെറ്റായി പ്രചരിപ്പിക്കുന്ന രീതിയിൽ വീഡിയോകളും സന്ദേശങ്ങളും സമൂഹമാധ്യമത്തിലൂടെ പ്രചരിപ്പിച്ചു, പരാതിക്കാരിയെ ഭീഷണിപ്പെടുത്താനും ദേഹോപദ്രവം ഏൽപിക്കാനും ആഹ്വാനം ചെയ്യുകയും അതിലൂടെ സമൂഹത്തിൽ ഭീതിയും അസ്വസ്ഥതയും സൃഷ്ടിക്കുകയും പരാതിക്കാരിയുടെ ജീവന് ഭീഷണിയുണ്ടാക്കുകയും ചെയ്തുവെന്നാണ് എഫ്.ഐ.ആറിൽ ആരോപിച്ചത്. ഭാരതീയ ന്യായ സംഹിതയുടെ 192, 351 (1), 353, 3(5) വകുപ്പുകളും ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 67ഉം ചുമത്തിയാണ് കേസെടുത്തത്.

**അപർണ കുറുപ്പിനെതിരെ കേസ്**

**കൊച്ചി:** മതവിദ്വേഷം പ്രചരിപ്പിച്ചെന്ന പരാതിയിൽ മാധ്യമപ്രവർത്തക അപർണ കുറുപ്പിനെതിരെ കൊച്ചി സൈബർ പൊലീസ് കേസെടുത്തു. മതവിദ്വേഷം ഉണ്ടാക്കുന്ന രീതിയിൽ പ്രവർത്തിക്കുക, ഭീഷണിപ്പെടുത്തുക തുടങ്ങിയ വകുപ്പുകൾ ചുമത്തിയിട്ടുണ്ട്. കാസർകോട് സ്വദേശി അബ്ദുൽ ഹക്കീമിന്റെ പരാതിയിലാണ് നടപടി. ബി.എൻ.എസ് 192, 299, 302, 351(1), കേരള പൊലീസ് ആക്ട് 120 (o) എന്നീ വകുപ്പുകളിലാണ് കേസ്.

കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാർ സ്ത്രീകളെക്കുറിച്ച് നടത്തിയ പരാമർശങ്ങളുമായി ബന്ധപ്പെട്ട് ചാനൽ സംപ്രേഷണം ചെയ്ത 'ബിഗ് ഡയലോഗ്' ചർച്ചാ പരിപാടിയിൽ ആമുഖമായി അപർണ നടത്തിയ പരാമർശങ്ങളാണ് വിവാദമായത്. 'ആണുങ്ങൾ കഞ്ചാവടിച്ചാലും എം.ഡി.എം.എ കേസിൽ പിടിച്ചാലും പെണ്ണു പിടിച്ചാലും കിത്താബിലെ സുന്നത്ത് എന്ന് കരുതുന്നവർ' എന്ന പരാമർശം മതവിദ്വേഷം വളർത്താനും സമൂഹത്തിൽ കലാപത്തിനും സമാധാനലംഘനത്തിനും ഇടയാക്കാനും ഉദ്ദേശിച്ചുള്ളതാണെന്ന് പരാതിയിൽ പറയുന്നു. ഈ പരാമർശങ്ങളുടെ പേരിൽ തനിക്ക് നേരെ സൈബർ ആക്രമണങ്ങളും വധഭീഷണികളും ഉയർന്നതായി ചൂണ്ടിക്കാട്ടി അപർണ നേരത്തെ പൊലീസിൽ പരാതി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ വിസ്ഡം സ്റ്റുഡന്റ്സ് നേതാവ് ഡോ. അബ്ദുല്ല ബാസിലിനെതിരെ കൊച്ചി സൈബർ പൊലീസ് കേസെടുക്കുകയും ചെയ്തിരുന്നു. അപർണയുടെ മതവിദ്വേഷ പരാമർശങ്ങൾക്കെതിരെ കേസെടുക്കാത്തതും അതിനെ വിമർശിച്ചയാൾക്കെതിരെ കേസെടുത്തതും വിവാദമായിരുന്നു.

വലിയ ദുരന്തം. ഇസ്‌ലാമോഫോബിയ അത്രമാത്രം അവരുടെ ഉപബോധമനസ്സിൽ (Internalized) വേരുറപ്പിച്ചിരിക്കുന്നു.

ബോധപൂർവമായ വിദ്വേഷത്തെക്കാൾ ഭയക്കേണ്ടത് ഇത്തരത്തിൽ 'നോർമലൈസ്' ചെയ്യപ്പെട്ട വിദ്വേഷങ്ങളെയാണ്. കാരണം, സാധാരണമായിപ്പോയ ഒന്നിനെ ചൂണ്ടിക്കാണിക്കുമ്പോൾ 'ഇതിലെന്താണ് പ്രശ്നം' എന്ന മറുചോദ്യമാകും വരിക. അതുകൊണ്ടുതന്നെ, ആ ചാനൽ അവതാരകയെ ഒരു വ്യക്തിയെന്ന നിലയിൽ സൈബർ ആക്രമണങ്ങൾക്ക് ഇരയാക്കുന്നതിൽ യാതൊരു അർഥവുമില്ല. വ്യക്തിയെ വേട്ടയാടുക എന്നതല്ല, മറിച്ച് ഈ സാമൂഹ്യാന്തരീക്ഷത്തെയും അത് നിർമിച്ചെടുത്ത സിസ്റ്റത്തെയും ചോദ്യം ചെയ്യുകയാണു വേണ്ടത്.

**മാധ്യമങ്ങൾ തിരുത്തേണ്ട പാഠങ്ങൾ**

വിവാദങ്ങളെ മുൻനിർത്തി മാധ്യമങ്ങൾ നടത്തുന്ന ചർച്ചകളിൽ അടിസ്ഥാനപരമായി ചില തിരുത്തലുകൾ അനിവാര്യമാണ്:

1. സമൂഹത്തെയും സംസ്കാരത്തെയും പഠിക്കുക: ഒരു സമുദായത്തെയോ മതത്തെയോ വിമർശിക്കുന്നതിനു മുമ്പ് അവരുടെ പദാവലികളും വിശ്വാസങ്ങളും ആന്തരിക വൈവിധ്യങ്ങളും മാധ്യമ പ്രവർത്തകർ മിനിമം അറിഞ്ഞിരിക്കണം. അർഥമറിയാതെ വാർപ്പുമാതൃകകളെ (ടല്യേലീ്യേുല)െ നിരന്തരം ആവർത്തിക്കുന്നത് വിമർശനമല്ല, അധിക്ഷേപമാണ്.
2. സാമാന്യവത്ക്കരണമെന്ന കെണി: ഒരു സമുദായത്തിലെ ഏതെങ്കിലും ഒരു വ്യക്തിയോ സംഘടനയോ നടത്തുന്ന പ്രസ്താവനകളെ ആ സമുദായത്തിന്റെ മുഴുവൻ ബാധ്യതയായി ചിത്രീക രിക്കുന്ന ഫ്രെയിമിംഗ് മാധ്യമങ്ങൾ അവസാനിപ്പിക്കണം. ഒരാളുടെ തെറ്റിന് ഒരു സമുദായം മുഴുവൻ മറുപടി പറയണമെന്ന രീതി മാധ്യമപ്രവർത്തനമല്ല.
3. വിദ്വേഷ ഭാഷകളെ പടിക്ക് പുറത്തു നിർത്തുക: സൈബറിടങ്ങളിലെ വിദ്വേഷ പ്രചാരകർ നിർമിച്ചെടുക്കുന്ന ഭാഷകളെയും ഫ്രെയിമുകളെയും ന്യൂസ് റൂമുകളിൽനിന്ന് മാറ്റിനിർത്താൻ എഡിറ്റോറിയൽ ജാഗ്രത കാണിക്കണം.
4. മാപ്പിലെ ആത്മാർഥത: ഒരു വംശീയ പരാമർശം സംഭവിച്ചാൽ, കേവലം വഴുതിമാറാനായി ഒരു പൊതുമാപ്പപേക്ഷ നടത്തുന്നതിനപ്പുറം, ഏതു പരാമർശമാണ് പ്രശ്നമായതെന്നും അത് ഇനി ആവർത്തി ക്കില്ലെന്നും വ്യക്തമാക്കുന്ന ആത്മാർഥമായ തിരുത്തലുകളാണ് സമൂഹത്തിന് ആവശ്യം.

വംശീയതയെ സമൂഹത്തിനു മുന്നിൽ തുറന്നുകാണിക്കുന്നത് ഒരു കുറ്റമല്ല; മറിച്ച്, ഒരു ജനാധിപത്യ സമൂഹത്തെ ആരോഗ്യകരമായി നിലനിർത്താനുള്ള അനിവാര്യതയാണ്. ജാതിയും മതവും രാഷ്ട്രീയവും നോക്കാതെ ഒരു അനീതി കണ്ടാൽ ശബ്ദിക്കാൻ കേരളത്തിൽ ഇപ്പോഴും വലിയൊരു വിഭാഗം മനുഷ്യരുണ്ട് എന്നത് ഏറെ പ്രതീക്ഷ നൽകുന്നു.

തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ അത് ഉൾക്കൊള്ളാനും തിരുത്താനുമുള്ള സന്നദ്ധതയാണ് മുഖ്യധാരാ മാധ്യമങ്ങളിൽനിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ചർച്ചകളുടെയും സംവാദങ്ങളുടെയും വാതിലുകൾ കൊട്ടിയടച്ച് നിയമനടപടികളിലൂടെ ഭയപ്പെടുത്താൻ ശ്രമിക്കുന്നതിനു പകരം, ആശയങ്ങളെ ആശയങ്ങൾ കൊണ്ട് നേരിടുന്ന, കൂടുതൽ തെളിഞ്ഞ സംവാദങ്ങൾക്കുള്ള വേദിയായി കേരളം മാറേണ്ടതുണ്ട്. കേസുകൾക്ക് പകരമാകേണ്ടത് ആരോഗ്യകരമായ ആശയ സംവാദങ്ങൾ തന്നെയാണ്. ■

**തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ അത് ഉൾക്കൊള്ളാനും തിരുത്താനുമുള്ള സന്നദ്ധതയാണ് മുഖ്യധാരാ മാധ്യമങ്ങളിൽനിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ചർച്ചകളുടെയും സംവാദങ്ങളുടെയും വാതിലുകൾ കൊട്ടിയടച്ച് നിയമനടപടികളിലൂടെ ഭയപ്പെടുത്താൻ ശ്രമിക്കുന്നതിനു പകരം, ആശയങ്ങളെ ആശയങ്ങൾ കൊണ്ട് നേരിടുന്ന, കൂടുതൽ തെളിഞ്ഞ സംവാദങ്ങൾക്കുള്ള വേദിയായി കേരളം മാറേണ്ടതുണ്ട്.**

# അറിവില്ലായ്മയുടെ അനന്തരഫലങ്ങൾ

ഡോ. യാസ്മിൻ എം അബ്ബാസ്

സ്ത്രീ സ്വാതന്ത്ര്യമെന്നും സ്ത്രീപുരുഷ സമത്വമെന്നുമുള്ള ഓമനപ്പേരുകളിൽ സമൂഹത്തെ അരാജകത്വത്തിലേക്കും അധാർമികതയിലേക്കും നയിക്കുകയും ആ ഒഴുക്കിനൊത്ത് നീങ്ങുകയും ചെയ്യുന്ന വലിയൊരു സമൂഹം ഒരു വശത്ത്; മറുവശത്ത്, സ്ത്രീകളെ അടിച്ചമർത്തുകയും അവർക്കു യാതൊരു വിലയും കൽപിക്കുകയും ചെയ്യാത്ത മതമാണ് ഇസ്‌ലാമെന്ന തെറ്റിദ്ധാരണ സമൂഹത്തിൽ വ്യാപിപ്പിക്കുകയും ചെയ്യുന്ന മറ്റൊരു കൂട്ടരും.

ഇസ്‌ലാമിക നിയമങ്ങൾ പാലിച്ചുകൊണ്ടു ജീവിക്കുന്ന യഥാർഥ മുസ്‌ലിംകൾക്കെതിരിൽ വിദ്വേഷം പ്രചരിപ്പിക്കുവാനും ഇസ്‌ലാമിനെ അപരിഷ്‌കൃത മതമായി ചിത്രീകരിക്കുവാനും പരിശ്രമിക്കുന്നവർക്കു മുന്നിൽ തന്റെ വിശ്വാസം മുറുകെ പിടിച്ചു ജീവിക്കുവാനും ഇസ്‌ലാമിക പ്രബോധനം നിർവഹിക്കുവാനും ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങൾ ആധികാരികമായ സ്രോതസ്സുകളിൽനിന്നും മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതോടൊപ്പം എന്തുകൊണ്ട് ഇസ്‌ലാം ഇത്രമേൽ വിമർശിക്കപ്പെടുന്നു എന്നതു നിഷ്പക്ഷമായി ചിന്തിച്ചു മനസ്സിലാക്കലും എതിരാളികളുന്നയിക്കുന്ന ആരോപണങ്ങൾക്കുള്ള കൃത്യമായ മറുപടികൾ വ്യക്തമായി അറിഞ്ഞിരിക്കുകയെന്നതും അനിവാര്യമാണ്.

ഇസ്‌ലാമിനെ കുറിച്ചുള്ള ശരിയായ അറിവും വർത്തമാന സാഹചര്യങ്ങളെ കുറിച്ചുള്ള കൃത്യമായ അവബോധവും അതോടൊപ്പം വിവാദ വിഷയങ്ങളുടെ ആഴത്തിലുള്ള പഠനവും ഉണ്ടായിരിക്കുമ്പോഴാണ് ഒരു മുസ്‌ലിമിനോ അമുസ്‌ലിമിനോ ഇത്തരം മേഖലകളിൽ ആരോഗ്യപരമായ അഭിപ്രായങ്ങളുണ്ടായിരി ക്കുക.

മദ്‌റസാപഠന കാലഘട്ടത്തിൽ ലഭിച്ച ഏതാനും അറിവുകൾ കൊണ്ടു മാത്രം ജീവിതകാലം കഴിച്ചു കൂട്ടുന്നവരാണ് ഭൂരിപക്ഷം വിശ്വാസികളും. മദ്‌റസാ കാലഘട്ടം അവസാനിക്കുന്നതോടെ മതപഠനം അവസാനിക്കുന്നില്ലെന്ന തിരിച്ചറിവാണ് ആദ്യം വേണ്ടത്. തുടർപഠനം നടത്തുകയും വർത്തമാന സാമൂഹികാന്തരീക്ഷം സസൂക്ഷ്മം വിലയിരുത്തുകയും ചെയ്യുമ്പോഴാണ് പ്രബോധനത്തിന്റെ ആവശ്യകതയും അതു പ്രവാചകന്മാരിൽനിന്നും സത്യവിശ്വാസികളിലേക്കു കൈമാറപ്പെട്ട നിർബന്ധ ബാധ്യതകളിൽ പെട്ടതാണെന്നുമുള്ള ബോധ്യം നമുക്കുണ്ടാവുക.

മതപരമായ വിഷയങ്ങളിൽ സന്ദർഭത്തിൽ നിന്നടർത്തിയെടുത്ത ചില വാക്കുകളോ പ്രയോഗങ്ങളോ മാത്രം ചർച്ച ചെയ്തു വിവാദങ്ങളുണ്ടാക്കുന്നതും മതത്തെത്തന്നെ അധിക്ഷേപിച്ചു സംസാരിക്കുന്നതുമെല്ലാം ആ വിഷയത്തെക്കുറിച്ചോ മതത്തെക്കുറിച്ചോ യാതൊരു ആധികാരിക വിവരവുമില്ലാത്തവരിൽ നിന്നാണു പലപ്പോഴുമുണ്ടാകുന്നത്. ഇത് ഇസ്‌ലാമോഫോബിയ വളർത്തിയെടുക്കുകയെന്ന കൃത്യമായ അജണ്ടക്ക് വലിയ പിന്തുണയാവുകയും ചെയ്യുന്നു.

ഇത്തരം ചർച്ചകൾ മതേതര കേരളത്തിനു മുറിവേൽപ്പിക്കുന്ന തരത്തിൽ ഉപസംഹരിക്കപ്പെടുന്നതിലും പൊതുജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണകൾ വ്യാപിക്കുന്നതിലും ആശ്ചര്യപ്പെടാനില്ല. സ്വന്തം ജീവിതം കൊണ്ടും വിവാദ വിഷയങ്ങളിലുള്ള പക്വമായ ഇടപെടലുകളിലൂടെയും ഇത്തരം ഒളിയജണ്ടകളെയും തെറ്റിദ്ധാരണകളെയും തിരുത്തിയെഴുതുവാൻ ഒരു വിശ്വാസിക്ക് കഴിയേണ്ടതുണ്ട്.

ഏതൊരാളും താൻ ഇടപെടുന്ന മേഖലയിലുള്ള ആധികാരികമായ അറിവിന്റെ അടിസ്ഥാനത്തിൽ സംസാരിക്കുമ്പോൾ മാത്രമാണ് അവിടെ ചർച്ചകൾക്കും തീരുമാനങ്ങൾക്കും പ്രസക്തിയുണ്ടാവുന്നത് ■

# കല്യാണ കോപ്രായങ്ങൾ

കെഎം കുഞ്ഞിക്കോയ വേങ്ങേരി
: 9446301073

വിവാഹം എന്നത് ഇന്നു പലവിധ പേക്കൂത്തുകൾക്കുമുള്ള വേദിയായി മാറിയിരിക്കുന്നു. മൂന്നു ദിവസവും ഒരാഴ്ചയു മൊക്കെ നീളുന്ന വിവാഹ മാമാങ്കങ്ങൾ നടക്കുന്നു. നിക്കാഹിന്റെ ദിവസങ്ങൾക്കു മുമ്പു തുടങ്ങും മഞ്ഞയും പച്ചയും കല്യാണങ്ങളും പാട്ടുകച്ചേരിയും മറ്റും.

ആഡംബരം നിറഞ്ഞ കൺവെൻഷൻ സെന്ററിൽ വെച്ചു നിക്കാഹ്. നിക്കാഹിന് കാർമികത്വം വഹിക്കാൻ തങ്ങളോ വലിയ ഖാദിയോ വേണം. വാഹന ബാഹുല്യം കാരണം റോഡ് ബ്ലോക്കാകുന്നു. നിക്കാഹിനു മുമ്പ് മലയാളത്തിൽ നടക്കുന്ന പ്രസംഗത്തിൽ ഖതീബ് വിവാഹ ധൂർത്തിനെപ്പറ്റിയും പടക്കം പൊട്ടിക്കലിനെയും ഗാനമേളയെയും കുറിച്ചുമൊക്കെ വിമർശിച്ചു പറയും.

നിക്കാഹ് കർമത്തിനുശേഷം ഒരാൾ മൈക്ക് കയ്യിലെടുത്ത് 'ഭക്ഷണ ഹാളിൽ ഭക്ഷണം തയ്യാറായിട്ടുണ്ട്, എല്ലാവരും ഭക്ഷണം കഴിച്ചിട്ടേ പോകാവൂ' എന്ന് അനൗൺസ് ചെയ്യുന്നു

ഹാളിന്റെ വാതിൽക്കൽ ഓടിയെത്തിയവർക്ക് സീറ്റ് ലഭിക്കും. മിക്കവാറുമിപ്പോൾ ബുഫെ സിസ്റ്റമാണ്. ഭിക്ഷക്ക് വന്നവരെപ്പോലെ പ്ലേറ്റും പിടിച്ച് വരിനിൽക്കണം. മന്തി, നെയ്ച്ചോറ്, ബിരിയാണി, മട്ടൻ, ബീഫ് ഒലത്തിയത്, ബീഫ് ഫ്രൈ, ബ്രോസ്റ്റ്, ഷവായ, മീൻ വിഭവങ്ങൾ... ഏത് എടുക്കണം? കണ്ടതൊക്കെ പ്ലേറ്റിലാക്കുന്നു. കുറെ തിന്നുന്നു. കുറെ ബാക്കിയാക്കുന്നു; വേസ്റ്റ് ബിന്നുകൾ നിറഞ്ഞുകവിയുന്നു.

കൈകഴുകി അടുത്ത ഭാഗത്തേക്ക്; അവിടെ പല നിറങ്ങളിലും രുചികളിലുമുള്ള പലതരം പാനീയങ്ങൾ... പിന്നെ മൈസൂർപാക്ക്, ജിലേബി, ഉപ്പിലിട്ടത്...അതിനിപ്പുറം ഐസ്ക്രീം, പഴം...

സാമ്പത്തിക സ്ഥിതിയനുസരിച്ച് ഭക്ഷണം നൽകാം, എന്നാൽ ദുർവ്യയത്തിനും ഭക്ഷണത്തോട് അനാദരവു കാണിക്കുന്നതിനും എന്തു ന്യായമാണുള്ളത്?

ചുണ്ടിൽ ലിപ്സ്റ്റിക്ക് പുരട്ടാതെയും മുഖത്ത് പലതും വാരിത്തേക്കാതെയും പെണ്ണുങ്ങൾക്ക് കല്യാണത്തിനു പോകാൻ വയ്യെന്നായിരിക്കുന്നു. വധുവിനെ മേക്കപ്പിനായി ബ്യൂട്ടിപാർലറിലേക്ക് രാവിലെത്തന്നെ കൊണ്ടുപോകുന്നു. ആയിരങ്ങൾ ചെലവാക്കി, ആളെ കണ്ടാലറിയാത്ത വിധം നിറം മാറ്റുന്നു.

വധുവിനെ നാലുകാലുള്ള, പൂക്കൾ കൊണ്ട് അലങ്കരിച്ച കൊച്ചു പന്തലിൽ (ബ്രൈഡൽ കനോപ്പി) പിതാവും മാതാവും സഹോദരി - സഹോദരന്മാരും എത്തിക്കുന്നു. അന്നേരം കാതടിപ്പിക്കുന്ന പാട്ടുയരും. പൂക്കുറ്റികൾ വർണങ്ങൾ വിതറുന്നു. പശ്ചാത്തലത്തിൽ ഒപ്പനയും ഡാൻസും മുറുകുന്നു. പിന്നെ സ്റ്റേജിൽ ഫോട്ടോ ഷൂട്ടിന്റെ തിരക്കാണ്. വരന്റെയും വധുവിന്റെയും കൂട്ടുകാരും സകല ബന്ധുക്കളും വധൂവരന്മാർക്കൊപ്പം ഫോട്ടോക്കു പോസ് ചെയ്യുന്നു.

നബി(സ്വ)യുടെയും സ്വഹാബിമാരുടെയും വിവാഹം എത്ര മാത്രം ലളിതമായിരുന്നു! അതിനെക്കുറിച്ചൊക്കെ ഖതീബ് ഉൽബോധിപ്പിച്ചിട്ട് എന്തുകാര്യം! പ്രാവർത്തികമാക്കാൻ സമുദായം മടിക്കുന്നു.

വരനും കൂട്ടുകാരും കാട്ടിക്കൂട്ടുന്ന തോന്ന്യാസങ്ങൾക്കു കണക്കില്ല. വരൻ ജെസിബിയിൽ വരുന്നു. ഈയിടെ വരനും കൂട്ടുകാരും പേടിപ്പിക്കുന്ന തരത്തിലുള്ള മുഖംമൂടിയണിഞ്ഞ് വരുന്ന വീഡിയോ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. പേരും പെരുമയും പണവുമുള്ളവരെ ചോദ്യം ചെയ്യാൻ ആരുമില്ല.

ഒരു ചെറിയ വിഭാഗമെങ്കിലും ഇസ്‌ലാമിക മര്യാദയനുസരിച്ച് വിവാഹം നടത്തുന്നതിൽ ശുഷ്കാന്തി കാണിക്കുന്നണ്ടെന്ന കാര്യം മറന്നുകൊണ്ടല്ല ഇപ്പറഞ്ഞതൊന്നും. ■




# ധർമധ്വജം ഉയർത്തി വീശിയ ‘പ്രൊഫ്കോൺ’

**പി എൻ അബ്ദുല്ലത്വീഫ് മദനി**
പ്രസിഡന്റ്, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ



ക്രയശേഷിയാൽ നെയ്തെടുത്ത, 3 ദിവസം നീണ്ടുനിന്ന ‘പ്രൊഫ്കോൺ’ കവാളയാറിലെ അഹല്യ ക്യാമ്പസിൽ സമാപിച്ചു. 18 വയസ്സിനും 25 വയസ്സിനുമിടയിലുള്ള ഊർജസ്വലരായ പ്രൊഫഷണൽ വിദ്യാർഥി-വിദ്യാർഥിനികൾ, മൂന്നു പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള പ്രൊഫ്കോൺ ചരിത്രത്തിലേക്ക് ഒരു പുതിയ അധ്യായം കൂടി തുന്നിച്ചേർത്തിരിക്കുകയാണ്.

വിശാലമായ ഹാളിൽ ജലാശയത്തിലെ ഓളം കണക്കെ ഉയർന്നും താഴ്ന്നുമിരിക്കുന്ന കുട്ടികളെ കണ്ടപ്പോൾ അനിതരസാധാരണമായ ശാന്തത ദൃശ്യമായി. വേദിയിൽനിന്ന് പകർന്നുകൊടുക്കുന്ന ധാർമിക സന്ദേശങ്ങളെ ആഗിരണം ചെയ്യാൻ കണ്ണും കാതും മസ്തിഷ്കവും അവർ മുൻകൂട്ടി തുറന്നു വെച്ചതുപോലെ!

സദസ്സിന് ആലസ്യം വരാതെ കൃത്യമായ പ്ലാനോടെ നടപടി ക്രമങ്ങൾ ആസൂത്രണം ചെയ്ത പ്രോഗ്രാം കമ്മിറ്റി അഭിനന്ദനമർഹിക്കുന്നു. മുഴുനീള പ്രഭാഷണ പ്രഘോഷണങ്ങൾക്കു പകരം വാങ്ങിയും കൊടുത്തുമുള്ള ശൈലി കുട്ടികളെ ഇരുത്തിക്കളഞ്ഞു എന്നുവേണം പറയാൻ. ചോദ്യോത്തരങ്ങൾ, ഓർമ പരിശോധന ടെസ്റ്റുകൾ, ചരിത്രാവിഷ്കരണങ്ങൾ തുട














ങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ കുട്ടികൾ നന്നായി ആസ്വദിച്ചു.

ലഹരിക്കെതിരെ കഠിന പ്രതിജ്ഞയെടുത്ത കുട്ടികൾ, തങ്ങൾ കലാലയ പരിസരങ്ങളിൽ ഭിക്ഷ തെണ്ടുന്ന ലഹരിക്കള്ളൻമാർക്കു സ്വാധീനിക്കാൻ പറ്റാത്തവിധം നിശ്ചയ ദാർഢ്യമുള്ളവരാണെന്ന് ബോധ്യപ്പെടുത്തി.

പ്രൊഫ്കോണിൽ സാന്നിധ്യമറിയിച്ച ജനപ്രതിനിധികൾ സംഘാടകരെ ചുമലിൽ തട്ടി അനുമോദിക്കുന്നതു കണ്ടു. വിസ്ഡം വിദ്യാർഥി വിഭാഗത്തിന്റെ കഠിനാധ്വാനത്തെ അഭിനന്ദിക്കാതിരിക്കാൻ അവർക്ക് ആകില്ലായിരുന്നു; അത്രയും മികച്ച രീതിയാലാണ് പരിപാടി സംഘടിപ്പിച്ചത്. പ്രൊഫ്കോണിൽ നിന്നും പുതിയ പരിചയക്കാരിൽ നിന്നും പിരിയുന്നതിലുള്ള ദുഃഖം ഉതിർത്ത കണ്ണീർകണങ്ങൾ പലരുടെയും കൺതടങ്ങളിൽ തങ്ങിനിൽക്കുന്നത് കണ്ടു. മുഴുസമയ സേവന സന്നദ്ധരായി ഓടിനടക്കുന്ന വാളണ്ടിയർമാർ ഒന്നിനും ഒരു കുറവും വരുത്തിയില്ല.

മരക്കാവുകൾക്കിടയിൽ വളഞ്ഞും തിരിഞ്ഞും പോകുന്ന, അഹല്യ ക്യാമ്പസിലെ റോഡുകൾ അൽപം ആശയക്കുഴപ്പമുണ്ടാക്കി. ആയിരക്കണക്കിന് ഏക്കർ സ്ഥലത്ത് മൂന്നു പഞ്ചായത്തുകളെയും ആലിംഗനം ചെയ്തു നിൽക്കുന്ന അഹല്യയിലെ വൈദ്യുതി സ്തൂപങ്ങൾ പ്രൊഫ്കോണിന്നു വേണ്ട വൈദ്യുതി ചുരത്തിക്കൊണ്ടിരുന്നു. ആവശ്യം കഴിഞ്ഞും നല്ലൊരളവിൽ വൈദ്യുതി സർക്കാരിന് കൊടുക്കുന്ന അഹല്യ ഈ ക്ഷാമകാലത്തും ഒരു വറ്റാത്ത ഉറവയാണെന്നു പറയാം.

വിദ്യാർഥികളുടെ ഈ ധാർമിക മുന്നേറ്റത്തിന് ഈ ക്യാമ്പസ് തുറന്നുകൊടുത്ത അഹല്യ മാനേജ്മെന്റിനെയും സ്റ്റാഫിനെയും നന്ദിയോടെ സ്മരിക്കട്ടെ.

പ്രൊഫ്കോണിൽ പങ്കെടുത്ത കുട്ടികൾ പകർത്തിയെടുത്ത സത്യസന്ദേശങ്ങൾ ക്യാമ്പസുകളിൽ പ്രതിദ്ധ്വനിക്കണം. കടലാടി ച്ചെടിയുടെ പുല്ലുകൾ കണക്കെ നിങ്ങളുടെ മനസ്സിൽ പറ്റിപ്പിടിച്ച അറിവിന്റെ വിത്തുകൾ നിങ്ങൾ ചെല്ലുന്നിടത്തെല്ലാം വീണു മുളക്കണം.









# വിദ്യാർഥിനികൾ ചരിത്രം കുറിച്ച 'പ്രൊഫ്കോൺ'

ഹന്ന മുഹമ്മദ്

കേരളത്തിൽ മത-സാഹിത്യ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച എത്രയോ മുസ്‌ലിം വനിതകൾ കഴിഞ്ഞുപോയിട്ടുണ്ട്. അതിനൊരു തുടർച്ച അനിവാര്യമാണ്. ലിബറൽ ചിന്ത പിടികൂടി മതത്തോടു വെറുപ്പ് പ്രകടിപ്പിച്ചു ജീവിക്കുന്ന മുസ്‌ലിം യുവതി-യുവാക്കളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്ന സമകാലിക സാഹചര്യത്തിൽ അവർക്ക് തിരിച്ചറിവു പകർന്നുകൊടുക്കേണ്ടത് മതസംഘടനകളുടെ ബാധ്യതയാണ്. ഈ തിരിച്ചറിവോടെയാണ് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷനും വിസ്ഡം ഇസ്‌ലാമിക് ഗേൾസ് ഓർഗനൈസേഷനും ആ ദൗത്യം നിർവഹിച്ചു കൊണ്ടിരിക്കുന്നത്.

ആഗോള പ്രൊഫഷണൽ വിദ്യാർഥി സമ്മേളനം കരിമ്പനകളുടെ നാട്ടിൽ സമാപിച്ചത് പെൺകരുത്തിന്റെ പുതിയ അധ്യായം തുന്നിച്ചേർത്തുകൊണ്ടാണ്. ആയിരക്കണക്കിനു വിദ്യാർഥിനികൾക്ക് മാത്രമായി ഒരുക്കിയ പ്രത്യേക വേദിയിലെ ആങ്കറിംഗ്, വീഡിയോ റെക്കോർഡിംഗ്, ക്വിസ്, വിവിധ മൽസരങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ, പ്രബന്ധാവതരണങ്ങൾ, ആക്റ്റിവിറ്റികൾ, വളണ്ടിയർ പ്രവർത്തനങ്ങൾ, ഭക്ഷണ വിതരണം എന്നിവയ്ക്ക് ക്യാമ്പസ് വിദ്യാർഥിനികൾ നേതൃത്വം നൽകിയത് ഏറെ ശ്രദ്ധേയമായി.

ഇസ്‌ലാം സ്ത്രീകൾക്ക് അവർക്കനുയോജ്യമായ പദവിയും ഉത്തരവാദിത്തവും നൽകിയിട്ടുണ്ട്. പ്രവാചകകാലം മുതലേ അവർക്ക് അത് അനുഭവിക്കാനായിട്ടുമുണ്ട്. സ്ത്രീകൾ മനഷ്യവർഗത്തിൽ പെടുമോ എന്നുപോലും ചർച്ച നടന്നിരുന്ന ഒരു കാലത്താണ് ഇസ്‌ലാം അവരെ കൈപിടിച്ചുയർത്തിയത്. ഇതിന് ചരിത്രം സാക്ഷിയാണ്. അതൊന്നും മനസ്സിലാക്കാതെ, പഠിക്കാതെ ഇസ്‌ലാമിലെ പെണ്ണിനെ അളക്കാൻ വരുന്നവർ അറിവില്ലായ്മയെ അലങ്കാരമാക്കിയവരാണ്. ഒരു സമൂഹത്തിനു മേൽ ഉന്നയിക്കുന്ന ദുരാരോപണങ്ങൾക്കു പിന്നിൽ ഗൂഢലക്ഷ്യമാണുള്ളതെന്ന് മനസ്സിലാക്കാൻ അതിബുദ്ധിയൊന്നും വേണ്ട.

അറിവും മതപരമായ നിഷ്ഠയും കൊണ്ട് ചരിത്രത്താളുകളിൽ ഇടംപിടിച്ച മഹതികളുടെ കൂട്ടത്തിലേക്ക് ഇനിയും പേരുകൾ ചേർക്കപ്പെടേണ്ടതുണ്ട്. അതിന് അവരെ അർഹരാക്കിത്തീർക്കുക എന്നത്

കാലഘട്ടത്തിന്റെകൂടി ആവശ്യമാണ്. കേരളത്തിൽ മത-സാഹിത്യ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച എത്രയോ മുസ്‌ലിം വനിതകൾ കഴിഞ്ഞുപോയിട്ടുണ്ട്. അതിനൊരു തുടർച്ച അനിവാര്യമാണ്. ലിബറൽ ചിന്ത പിടികൂടി മതത്തോടു വെറുപ്പ് പ്രകടിപ്പിച്ചു ജീവിക്കുന്ന മുസ്‌ലിം യുവതി-യുവാക്കളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്ന സമകാലിക സാഹചര്യത്തിൽ അവർക്ക് തിരിച്ചറിവു പകർന്നുകൊടുക്കേണ്ടത് മതസംഘടനകളുടെ ബാധ്യതയാണ്. ഈ തിരിച്ചറിവോടെയാണ് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷനും വിസ്ഡം ഇസ്‌ലാമിക് ഗേൾസ് ഓർഗനൈസേഷനും ആ ദൗത്യം നിർവഹിച്ചു കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി നടത്തിവരുന്നതാണ് 'പ്രൊഫ്‌കോൺ' എന്ന പേരിലുള്ള പ്രൊഫഷണൽ വിദ്യാർഥി സമ്മേളനം.

ഇത്തവണ അതിന് ആതിഥേയത്വം വഹിച്ചത് പാലക്കാട് ജില്ലയാണ്. വൈജ്ഞാനിക വിരുന്നിലേക്കുള്ള ക്ഷണം സ്വീകരിച്ചു കേരളത്തിനകത്തും പുറത്തുമുള്ള വിവിധ ക്യാമ്പസുകളിലെ വിദ്യാർഥി- വിദ്യാർഥിനികൾ പാലക്കാടിന്റെ മണ്ണിലേക്ക് ഒഴുകിയെത്തുകയായിരുന്നു. സ്ത്രീകളുടെ സംഘാടന മികവു കണ്ടു രാഷ്ട്രീയ മേഖലയിലുള്ള അതിഥികൾ അഭിനന്ദനമറിയിക്കുകയുണ്ടായി.

ആങ്കറിംഗും വീഡിയോ റെക്കോർഡിംഗുമടക്കം എല്ലാം കൈകാര്യം ചെയ്തത് ഇസ്‌ലാമികമായി വസ്ത്രം ധരിച്ച പെൺകുട്ടികളായിരുന്നു. അവർക്ക് ആ വേഷം ഒരുതരത്തിലും തടസ്സമല്ലായിരുന്നു. കോൺഫിഡൻസ് നൽകുന്നതും കംഫർട്ടുമായിരുന്നു.

പെൺകുട്ടികൾക്കായി ഒരുക്കിയ പ്രത്യേക വേദിയിലെ ഉദ്ഘാടന സെഷൻ വിസ്ഡം ഗേൾസ് സംസ്ഥാന സെക്രട്ടറി വഫ ഷെറിയുടെ സ്വാഗതഭാഷണത്തോടെ ആരംഭിച്ചു. സംസ്ഥാന പ്രസിഡന്റ് നുബ്‌ല എം ആധ്യക്ഷ്യം വഹിച്ചു. വിസ്ഡം ഗേൾസിന്റെ ലക്ഷ്യങ്ങളെക്കുറിച്ചും പ്രവർത്തന മേഖലകളെക്കുറിച്ചും അറിവിനോടൊപ്പം വിവേകവും ഉണ്ടാകേണ്ടതിനെക്കുറിച്ചും അവർ സംസാരിച്ചു.

വിസ്ഡം വിമൻ സംസ്ഥാന പ്രസിഡന്റ് സഹ്റ സുല്ലമിയ്യ ഉദ്ഘാടനം ചെയ്തു. ജീവിതലക്ഷ്യം എന്തായിരിക്കണം, സ്രഷ്ടാവിനെ മാത്രം ആരാധിക്കുന്നതിന്റെ പ്രാധാന്യം, മതത്തിന്റെ അതിർവരമ്പുകളെ ലംഘിച്ചു ജീവിക്കുന്നവർക്കു വരാനിരിക്കുന്ന മോശമായ പര്യവസാനം എന്നിങ്ങനെയുള്ള കാര്യങ്ങൾ അവർ ഉദ്ഘാടന പ്രസംഗത്തിൽ വിശദീകരിച്ചു.

വിസ്ഡം വിമൻ പാലക്കാട് ജില്ല പ്രസിഡന്റ് സലീന പാലക്കാഴി അറിവു നേടേണ്ടതിന്റെയും ഉപകാരപ്രദമായ അറിവു ലഭിക്കാനായി പ്രാർഥിക്കേണ്ടതിന്റെയും ആവശ്യകതയെയും പ്രാധാന്യത്തെയും കുറിച്ച് ഉണർത്തി ആശംസകളർപ്പിച്ചു. പാലക്കാട് ജില്ല വിസ്ഡം ഗേൾസിന്റെ പ്രതിനിധി മുഫീദ തന്റെ ആശംസാപ്രസംഗത്തിൽ, ഈ ലോകം വിട്ടുപോകുമ്പോൾ പരലോകവിജയം നേടാനാവശ്യമായ നന്മകളുമായി മടങ്ങാൻ സാധിക്കണമെന്ന് സൂചിപ്പിച്ചു. വിസ്ഡം ഗേൾസ് സെക്രട്ടറി ഫാത്വിമ ഫഹ്മി പ്രോഗ്രാമുകളെക്കുറിച്ച് വിശദീകരിച്ചു.

Who do you look up To? THE GENERATION THAT LIVED IT എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ വിസ്ഡം ഗേൾസ് ജനറൽ സെക്രട്ടറി ഹനീന ടികെ, ഡോ. ഫിദ, ഹിബ ഹാരിസ് എന്നിവർ പങ്കെടുത്തു.

പരലോക ജീവിതത്തിൽ നഷ്ടം വരുന്ന രൂപത്തിൽ സോഷ്യൽ മീഡിയകളെ ഉപയോഗിക്കരുത്, വഴികേടിലേക്കു നയിക്കുന്ന ഇൻഫ്ളുവൻസർമാരെ സൂക്ഷിക്കണം എന്ന ആമുഖത്തോടെ തുടങ്ങിയ ചർച്ച ഏറെ ശ്രദ്ധേയമായി. ഉമ്മു സലമ(റ), ഹഫ്സ(റ), പ്രസിദ്ധ കവയത്രി ഖൻസാഅ്(റ) പോലുള്ളവരുടെ ധീരോദാത്തവും ത്യാഗനിർഭരവും വൈജ്ഞാനികവുമായ ജീവിതം ചർച്ചക്ക് വിഷയീഭവിച്ചു. ഇതുപോലുള്ള മഹതികളായിരിക്കണം നമുക്കു വഴികാട്ടുന്ന ഇൻഫ്ളുവൻസർമാർ എന്ന ആഹ്വാനം വിദ്യാർഥിനികൾക്കൊരു ദിശാസൂചികയായി മാറിയേക്കാം.

കരിയർ ബിൽഡിംഗുമായി ബന്ധപ്പെട്ട് മുഹമ്മദ് അജ്മൽ സി നടത്തിയ ക്ലാസ് വിദ്യാർഥിനികളുടെ ഒരുപാട് തെറ്റായ ധാരണകളെ തിരുത്തിയെഴുതുന്നതായിരുന്നു. കുട്ടികളോട് അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞും അവരുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞും ഈ സെഷൻ ഉണർത്തുപാട്ടായി മാറി.

A LIFE Written in Sujood എന്ന വിഷയത്തിൽ ഹംസക്കുട്ടി സലഫി നടത്തിയ സംസാരം, ഏറ്റവും പ്രധാനപ്പെട്ട ആരാധനയായ നമസ്കാരത്തിന്റെ പ്രാധാന്യവും മഹത്ത്വവും അത് ഉപേക്ഷിക്കുന്നതിന്റെ ഗൗരവവും വിശദീകരിക്കുന്നത് കുട്ടികൾ സാകൂതം ശ്രവിക്കുന്നുണ്ടായിരുന്നു.

വിശിഷ്ടാതിഥിയായി പങ്കെടുത്ത വിദ്യാഭ്യാസ മന്ത്രി അഡ്വ. എൻ ഷംസുദ്ദീൻ കതിരും പതിരും വേർതിരിച്ചറിഞ്ഞു നല്ല വ്യക്തിത്വങ്ങൾക്ക് ഉടമകളാകുവാനും കുട്ടികളുടെ മേഖലകളിൽ പ്രാവീണ്യം നേടുവാനും ഭൗതികമായ അറിവിനൊപ്പം ധാർമിക വിജ്ഞാനവും നേടാനും ഉപദേശിച്ചു.

WHAT THE PROPHET? has to say to misogynistis എന്ന വിഷയത്തിൽ ഹംദ സിപി സംസാരിച്ചു. സൂറത്തുൽ അഹ്സാബിലെ 35ാം സൂക്തത്തിൽ യഥാർഥ വിശ്വാസികളുടെയും വിശ്വാസിനികളുടെയും 10 ഗുണങ്ങൾ എടുത്തുപറയുന്നുണ്ട്. അല്ലാഹു തൃപ്തിപ്പെടുന്ന ആ മഹത്തായ കാര്യങ്ങൾ ചെയ്താൽ ആണിനും പെണ്ണിനും ലഭിക്കുന്നത് ഒരേ പ്രതിഫലമാണ്. പെണ്ണിനെ അതിൽനിന്ന് ഒഴിവാക്കിയിട്ടില്ല. സ്ത്രീകൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യവും ഇസ്‌ലാം അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് പ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ട് വിശദീകരിച്ചു.

What Campus Doesn't Show You എന്ന വിഷയത്തിൽ ഡോ. റസീല, നുബ്‌ല എം എന്നിവർ സംസാരിച്ചു: ഇസ്‌ലാമിക നിലപാടിൽ ഊന്നി നിന്നുകൊണ്ട് ഒരു ക്യാമ്പസിൽ ജീവിക്കുമ്പോൾ ഒറ്റപ്പെടലും മറ്റുമുണ്ടാകും. തികച്ചും ഫ്രീഡത്തിന്റെ ലോകമായിരുന്ന പ്രൊഫഷണൽ കോളേജിൽ പഠിക്കുമ്പോഴും ഇസ്‌ലാമിക ചിട്ടകളിൽ നിലനിന്നുകൊണ്ട് പഠനത്തെ മുന്നോട്ടു കൊണ്ടുപോയിരുന്ന കാലഘട്ടത്തെക്കുറിച്ച് അവർ പങ്കുവച്ചു. മുസ്‌ലിം കുട്ടികൾ എന്ന നിലയ്ക്ക് സമകാലിക സാഹചര്യത്തിൽ പ്രശ്നങ്ങൾ തരണം ചെയ്യേണ്ടിവരും. അനിസ്‌ലാമിക കാര്യങ്ങളോട് മുഖം തിരിക്കുമ്പോൾ ഒറ്റപ്പെടുന്ന അവസ്ഥയുണ്ടാകാം. അതിനെയെല്ലാം മറികടക്കാനായാൽ ജീവിതത്തിൽ വിജയിക്കാം.

The debt you can Never repay എന്ന വിഷയത്തിൽ സുബൈർ സലഫി ക്ലാസെടുത്തു. മാതാപിതാക്കളോടുള്ള കടമകളും കടപ്പാടുകളും നിർവഹിക്കേണ്ടതിന്റെ പ്രാധാന്യം വിശദമാക്കി സംസാരിച്ചു. റബ്ബിനെ മാത്രം ആരാധിക്കണമെന്നു കൽപിക്കുന്നതിന്റെ തൊട്ടുടനെ പല ആയത്തുകളിലും മാതാപിതാക്കളോടുള്ള കടമകളെക്കുറിച്ചാണ് ക്വുർആൻ പറയുന്നത്. വൈബുകൾക്കിടയിൽ കടമകളെ മറക്കരുത്. മാതാപിതാക്കളെ വേദനിപ്പിച്ചുകൊണ്ടുള്ള ഒരു നേട്ടവും കൊണ്ട് ഉപകാരമുണ്ടാകില്ല. മാതാപിതാക്കൾക്ക് ഒരു ആവശ്യം വരുമ്പോൾ അതു നാം പരിഗണിക്കണം; നമുക്കെത്ര വലിയ തിരക്കാണെങ്കിലും.

**ഇസ്‌ലാം സ്ത്രീകൾക്ക് അവർക്കനുയോജ്യമായ പദവിയും ഉത്തരവാദിത്തവും നൽകിയിട്ടുണ്ട്. പ്രവാചകകാലം മുതലേ അവർക്ക് അത് അനുഭവിക്കാനായിട്ടുമുണ്ട്. സ്ത്രീകൾ മനഷ്യവർഗത്തിൽ പെടുമോ എന്നുപോലും ചർച്ച നടന്നിരുന്ന ഒരു കാലത്താണ് ഇസ്‌ലാം അവരെ കൈപിടിച്ചുയർത്തിയത്. ഇതിന് ചരിത്രം സാക്ഷിയാണ്. അതൊന്നും മനസ്സിലാക്കാതെ, പഠിക്കാതെ ഇസ്‌ലാമിലെ പെണ്ണിനെ അളക്കാൻ വരുന്നവർ അറിവില്ലായ്മയെ അലങ്കാരമാക്കിയവരാണ്. ഒരു സമൂഹത്തിനു മേൽ ഉന്നയിക്കുന്ന ദുരാരോപണങ്ങൾക്കു പിന്നിൽ ഗൂഢലക്ഷ്യമാണുള്ളതെന്ന് മനസ്സിലാക്കാൻ അതിബുദ്ധിയൊന്നും വേണ്ട.**

കർമശാസ്ത്ര സംശയനിവാരണ സെഷന് ശമീർ മദീനി, സ്വാദിഖ് മദീനി എന്നിവർ നേതൃത്വം നൽകി. നമസ്‌കാരം, നമസ്‌കാരത്തിലുള്ള വസ്‌വാസ്, ജംഉം ക്വസ്‌റും, സ്ത്രീ പള്ളി പ്രവേശം, മഹ്‌റം, ഹിജാബ്, യാത്ര, ഹജ്ജും ഉംറയും, സ്ത്രീകളുടെ വിദ്യാഭ്യാസം, അവകാശങ്ങൾ, വലിയ്യ് തുടങ്ങിയ വിഷയങ്ങളിലെ ചോദ്യങ്ങൾക്ക് പ്രാമാണികമായ ഉത്തരങ്ങൾ നൽകി.

ഡോ. അബ്ദുല്ല ബാസിൽ സമകാലിക വിഷയങ്ങളിലെ ഇസ്‌ലാമിക നിലപാടുകളെക്കുറിച്ചുള്ള വിദ്യാർഥിനികളുടെ ചോദ്യങ്ങൾക്ക് സോദാഹരണം മറുപടി നൽകി.

പെൺകുട്ടികളുടെ വസ്ത്രധാരണം, ഫാഷൻ ഭ്രമം പോലുള്ള വിഷയങ്ങളിൽ ഹഫ ഹാരിസ് പ്രൗഢമായ സംസാരം നടത്തി: അല്പവസ്ത്രധാരണം കോൺഫിഡന്റ് നൽകുന്നതാണെന്ന ചിന്ത കുട്ടികളുടെ തലച്ചോറിലേക്ക് കുത്തിവെക്കപ്പെടുന്നു. പെൺകുട്ടികൾ മാർക്കറ്റ് ചെയ്യപ്പെടുന്നു. ന്യൂറോ മാർക്കറ്റിംഗ്

ആണ് പെൺകുട്ടികളെ ഉപയോഗിച്ചുകൊണ്ടുള്ള പരസ്യത്തിന്റെ രഹസ്യം!

Faith, Freedom & The Muslimah Reflection Time -

'The quite War Within' ഈ വിഷയത്തിൽ പ്രൊഫസർ ഹാരിസ് ബിൻ സലീം സംസാരിച്ചു. 'നാം നിസ്സാരമായി കാണുന്ന പലതും പിന്നീട് ജീവിതത്തിൽ വരുന്ന പ്രയാസങ്ങളുടെ വ്യാപ്തിയിലൂടെയാണ് മനസ്സിലാക്കുക. അല്ലാഹു ഒരു കാര്യത്തെ തൊട്ട് മനുഷ്യനെ തടഞ്ഞുവെങ്കിൽ അതിലേക്ക് ചെല്ലുന്നതിന്റെ പ്രത്യാഘാതം അതിഗൗരവതരമായിരിക്കും. അതിരില്ലാത്ത ആൺ-പെൺ സൗഹൃദം വലിയ അപകടത്തിലേക്കു നയിക്കും. അനുവദനീയമല്ലാത്ത ബന്ധങ്ങൾ നല്ലൊരു വിവാഹ ജീവിതത്തിനു തടസ്സമായി വരും.' ഈ വിഷയത്തിലെ സംശയനിവാരണം ശ്രദ്ധേയമായിരുന്നു.

മുനവ്വർ സ്വലാഹി ചിന്തയുടെ ലോകത്തേക്ക് കുട്ടികളെ കൂട്ടിക്കൊണ്ടുപോയി:

- നമുക്കുണ്ടെന്നു പറയുന്ന മറ്റെല്ലാ കാര്യങ്ങളെക്കാളും നമുക്കുണ്ട് എന്ന് ഉറപ്പിച്ചു പറയാൻ കഴിയുന്നത് നമ്മുടെ മനസ്സാണ്.
- മനസ്സാകുന്ന ബലൂണിലേക്ക് നെഗറ്റീവ്സ് മാത്രം കൊടുത്തുകൊണ്ടിരുന്നാൽ നമ്മുടെ മനസ്സിനുണ്ടാവുന്ന പ്രയാസങ്ങൾ എത്രമാത്രമായിരിക്കുമെന്ന് ചിന്തിക്കുക.
- നമ്മുടെ ബുദ്ധി വികാരങ്ങൾക്ക് താഴെയാവരുത്.
- മനസ്സിൽ ഫീലിംഗ്സ് ഉണ്ടാകുന്നത് തെറ്റല്ല.
- മറ്റുള്ളവർ നമ്മോടു ദേഷ്യപ്പെട്ടാൽ നമ്മിലുള്ള തെറ്റുകളെ പഠിച്ചു തിരുത്തുക.
- ദേഷ്യം നല്ല സ്വഭാവമല്ല; അതിനെ നിയന്ത്രിക്കാൻ കഴിയൽ നമ്മുടെ ക്വാളിറ്റിയാണ്.



**അല്പവസ്ത്രധാരണം കോൺഫിഡന്റ് നൽകുന്നതാണെന്ന ചിന്ത കുട്ടികളുടെ തലച്ചോറിലേക്ക് കുത്തിവെക്കപ്പെടുന്നു. പെൺകുട്ടികൾ മാർക്കറ്റ് ചെയ്യപ്പെടുന്നു. ന്യൂറോ മാർക്കറ്റിംഗ് ആണ് പെൺകുട്ടികളെ ഉപയോഗിച്ചുകൊണ്ടുള്ള പരസ്യത്തിന്റെ രഹസ്യം!**

When Face Myself എന്ന വിഷയത്തിൽ ശിഹാബ് എടക്കര സംസാരിച്ചു: 'മനുഷ്യരെന്ന നിലയ്ക്ക് നമ്മിൽ തെറ്റുകുറ്റങ്ങൾ സംഭവിക്കും. തെറ്റുകളിൽനിന്നും അല്ലാഹു സുരക്ഷിതരാക്കിയത് പ്രവാചകന്മാരെ മാത്രമാണ്. അല്ലാഹു ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ പശ്ചാത്താപത്തിന്റെ മഹത്ത്വം പറയുന്നുണ്ട്. തെറ്റു സംഭവിച്ചാൽ ആത്മാർഥമായി ഖേദിച്ചു മടങ്ങിയവന് അല്ലാഹു പൊറുത്തുതരുമെന്നത് അവന്റെ വാഗ്ദാനമാണ്. തെറ്റിലേക്കു വലിച്ചിഴച്ചു കൊണ്ടുപോകുന്ന കൂട്ടുകാരിൽനിന്നും അകന്നുമാറണം. തെറ്റുകളെ നിസ്സാരമാക്കുന്നവർ നമുക്കു കൂട്ടുകാരായി ഉണ്ടാകുവാൻ പാടില്ല. അല്ലാഹു നമുക്കു നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിക്കുക.'

നിറഞ്ഞ മനസ്സോടെ, ഒട്ടേറെ വിഷയങ്ങളിൽ ലഭിച്ച ഉൾക്കാഴ്ചയോടെ വിദ്യാർഥിനികൾ തിരിച്ചുപോകുന്ന കാഴ്ച അനുഭൂതിദായകമായിരുന്നു.

*(ഈ ആസ്വാദനക്കുറിപ്പ് പൂർണമല്ല; വിട്ടുപോയ ആളുകളും സെഷനുകളുമുണ്ട്).*



# വാർധക്യം: കരുതലോടെ മുന്നേറാം

ഡോ. നഹ്‌ല തമന്ന

> പ്രവാചകൻ(സ്വ) പറഞ്ഞു: “നിന്റെ ശരീരത്തിനും നിന്റെ മേൽ അവകാശമുണ്ട്.”(സ്വഹീഹുൽ ബുഖാരി). ഈ ഹദീസ് ആരോഗ്യപരിപാലനത്തിന്റെ പ്രാധാന്യത്തെ ഓർമപെടുത്തുന്നു. പ്രായമായവർക്കും തങ്ങളുടെ ആരോഗ്യത്തിനനുസരിച്ച് ഭക്ഷണം, വിശ്രമം, ശാരീരിക പ്രവർത്തനം, ചികിത്സ എന്നിവയിൽ ശ്രദ്ധ നൽകേണ്ടതുണ്ട്.

ജീവിതത്തിന്റെ ഓരോ ഘട്ടത്തിനും അതിന്റെതായ പ്രത്യേകതകളുണ്ട്. ശൈശവവും ബാല്യവും കൗമാരവും യൗവനവും പിന്നിട്ട് മനുഷ്യൻ എത്തിച്ചേരുന്ന സ്വാഭാവിക ഘട്ടമാണ് വാർധക്യം. പ്രായം കൂടുന്നതിനനുസരിച്ചു ശരീരത്തിൽ ചില മാറ്റങ്ങൾ സംഭവിക്കുന്നത് സ്വാഭാവികമാണ്. വാർധക്യം ജീവിതത്തിന്റെ ക്ഷയകാലമല്ല; പരിചയസമ്പത്തിന്റെയും പക്വതയുടെയും മനോഹരമായൊരു ഘട്ടമാണ്. ശരിയായ ജീവിതശൈലിയും ആരോഗ്യപരിചരണവും സാമൂഹിക പിന്തുണയും ലഭിച്ചാൽ ഈ കാലഘട്ടവും ആസ്വാദ്യകരമാക്കാൻ കഴിയും.

ശക്തിയും സൗന്ദര്യവും ആരോഗ്യവും ക്രമേണ ക്ഷയിക്കുന്ന ഈ ഘട്ടത്തെക്കുറിച്ച് ക്വുർആൻ മനുഷ്യനെ ഓർമിപ്പിക്കുന്നുണ്ട്. അല്ലാഹു പറയുന്നു: “നിങ്ങളെ ബലഹീനമായ അവസ്ഥയിൽ നിന്നു സൃഷ്ടിച്ചുണ്ടാക്കിയവനാകുന്നു അല്ലാഹു. പിന്നെ ബലഹീനതയ്ക്കു ശേഷം അവൻ ശക്തിയുണ്ടാക്കി. പിന്നെ അവൻ ശക്തിക്കു ശേഷം ബലഹീനതയും നരയും ഉണ്ടാക്കി...”(ക്വുർആൻ 30:54).

**പ്രായം കൂടുമ്പോൾ ശരീരത്തിൽ എന്തെല്ലാം മാറ്റങ്ങൾ സംഭവിക്കുന്നു?**

വാർധക്യത്തിലേക്ക് പ്രവേശിക്കുമ്പോൾ ശരീരത്തിന്റെ പ്രവർത്തനശേഷിയിൽ ക്രമേണ മാറ്റങ്ങൾ ഉണ്ടാകും. കാഴ്ചയും കേൾവിയും കുറയുക, പേശികളുടെ ശക്തി കുറയുക, സന്ധികളിൽ വേദനയും ചലനപരിമിതിയും ഉണ്ടാകുക, ഉറക്കരീതിയിൽ മാറ്റം വരിക തുടങ്ങിയവ സാധാരണയായി കണ്ടുവരുന്ന മാറ്റങ്ങളാണ്. അതോടൊപ്പം ഉയർന്ന രക്തസമ്മർദം, പ്രമേഹം, ഹൃദ്രോഗങ്ങൾ, തൈറോയ്ഡ് രോഗങ്ങൾ, അസ്ഥിക്ഷയം, സന്ധിരോഗങ്ങൾ തുടങ്ങിയ ദീർഘകാല ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാ കാനുള്ള സാധ്യതയും വർധിക്കുന്നു. എന്നാൽ ഇവയിൽ പലതും നേരത്തെ കണ്ടെത്തുകയും നിയന്ത്രി ക്കുകയും ചെയ്യുന്നതിലൂടെ ആയാസകരമായ വാർധക്യജീവിതം നയിക്കാൻ സാധിക്കും.

**ആരോഗ്യം ഒരു അമാനത്ത്**

മനുഷ്യശരീരം ഒരു അമാനത്താണ്. അതിനാൽ ശരീരത്തെ സംരക്ഷിക്കുകയും ആരോഗ്യകരമായ ജീവിതശൈലി പിന്തുടരുകയും ചെയ്യുന്നത് പ്രധാനമാണ്.

പ്രവാചകൻ(സ്വ) പറഞ്ഞു: “നിന്റെ ശരീരത്തിനും നിന്റെ മേൽ അവകാശമുണ്ട്.”(സ്വഹീഹുൽ ബുഖാരി). ഈ ഹദീസ് ആരോഗ്യപരിപാലനത്തിന്റെ പ്രാധാന്യത്തെ ഓർമപെടുത്തുന്നു. പ്രായമായവർക്കും തങ്ങളുടെ ആരോഗ്യത്തിനനുസരിച്ച് ഭക്ഷണം, വിശ്രമം, ശാരീരിക പ്രവർത്തനം, ചികിത്സ എന്നിവയിൽ ശ്രദ്ധ നൽകേണ്ടതുണ്ട്.

**വാർധക്യകാലത്തെ ആരോഗ്യ പരിപാലനം**

*1) ഭക്ഷണം*

ഭക്ഷണം ആരോഗ്യത്തിന്റെ അടിസ്ഥാനമാണ്. പ്രായം കൂടുമ്പോൾ ശരീരത്തിന് ആവശ്യമായ കലോറിയുടെ അളവ് കുറയാമെങ്കിലും പോഷകങ്ങളുടെ ആവശ്യകത കുറയണമെന്നില്ല. അതിനാൽ പോഷകസമൃദ്ധമായ ഭക്ഷണം പ്രധാനമാണ് പച്ചക്കറികൾ, പഴങ്ങൾ, പയർവർഗങ്ങൾ, ധാന്യങ്ങൾ (whole grains), ആവശ്യമായ അളവിലുള്ള പ്രോട്ടീൻ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്താം. മതിയായ അളവിൽ വെള്ളം കുടിക്കേണ്ടതും പ്രധാനമാണ്. ഉപ്പ്, പഞ്ചസാര, എണ്ണ എന്നിവ പരമാവധി നിയന്ത്രിക്കുന്നത് നന്നായിരിക്കും. ഭക്ഷണം കഴിക്കാനുള്ള ബുദ്ധിമുട്ട്, വിശപ്പില്ലായ്മ, വിഴുങ്ങാനുള്ള പ്രയാസം തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ അവഗണിക്കാതെ ഡോക്ടറുടെ സഹായം തേടണം.

*2) വ്യായാമം; ശരീരത്തിനും മനസ്സിനും*

വാർധക്യത്തിൽ ചലനശേഷി കുറയുന്നത് സ്വാഭാവികമായ ഒന്നാണ്. എന്നാൽ കഴിയുന്നത്ര സജീവമായി തുടരുന്നത് ആരോഗ്യത്തിന് ഗുണകരമാണ്.

‘പ്രായമായി, ഇനി വ്യായാമം വേണ്ട’ എന്ന ചിന്ത ഒഴിവാക്കണം. വ്യക്തിയുടെ ആരോഗ്യനിലയ്ക്ക് അനുയോജ്യമായ ശാരീരിക പ്രവർത്തനങ്ങൾ വാർധക്യത്തിലും പ്രാധാന്യമർഹിക്കുന്നു. നടത്തം, പേശിശക്തി വർധിപ്പിക്കുന്ന ലളിതമായ വ്യായാമങ്ങൾ, ബാലൻസ് മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ തുടങ്ങിയവ ഡോക്ടറുടെ നിർദേശപ്രകാരം ചെയ്യാം. സ്ഥിരമായ ശാരീരിക പ്രവർത്തനം പേശികളുടെ ശക്തി നിലനിർത്താനും ചലനശേഷി മെച്ചപ്പെടുത്താനും വീഴ്ചയുടെ സാധ്യത കുറയ്ക്കാനും സഹായിക്കും.

*3) വീഴ്ചകൾ*

പ്രായമായവരിൽ വീഴ്ചകൾ ഗൗരവതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായേക്കാം കാഴ്ചക്കുറവ്, ബാലൻസ് പ്രശ്നങ്ങൾ, പേശികളുടെ ബലക്കുറവ്, ചില മരുന്നുകളുടെ പാർശ്വഫലങ്ങൾ എന്നിവ വീഴ്ചയ്ക്ക് കാരണമാകാറുണ്ട്.

വീട്ടിൽ വഴുതി വീഴാൻ സാധ്യതയുള്ള പരവതാനികൾ ഒഴിവാക്കുക, മതിയായ വെളിച്ചം ഉറപ്പാക്കുക, കുളിമുറിയിൽ സുരക്ഷാ സംവിധാനങ്ങൾ(supporting bars) ഒരുക്കുക, ആവശ്യമെങ്കിൽ കൈപ്പിടികൾ ഉപയോഗിക്കുക തുടങ്ങിയ ചെറിയ മുൻകരുതലുകൾ വലിയ അപകടങ്ങൾ ഒഴിവാക്കാൻ സഹായിക്കും.

*(അവസാനിച്ചില്ല)*



# പാലക്കാടിന്റെ പച്ചപ്പിൽ പ്രോജ്ജ്വലിച്ച പ്രൊഫ്കോൺ ദിനങ്ങൾ

സ്വന്തം ലേഖകൻ


മലയാള മനോരമ

30th PROFCON

വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സമിതി അഹല്യ ക്യാമ്പസിൽ സംഘടിപ്പിച്ച ആഗോള പ്രഫഷനൽ വിദ്യാർഥി സമ്മേളനത്തിന്റെ രണ്ടാം ദിനം മന്ത്രി എൻ.ഷംസുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു.

## ഒറ്റത്തിരഞ്ഞെടുപ്പ്' ഫെഡറൽ അടിത്തറ ദുർബലപ്പെടുത്തുമെന്ന് മന്ത്രി ഷംസുദ്ദീൻ

വിസ്ഡം സ്റ്റുഡന്റ്സ് പ്രൊഫ്കോൺ സമ്മേളനം ഇന്നു സമാപിക്കും

### സ്ത്രീയും പുരുഷനും പരസ്പര പൂരകങ്ങളായി വർത്തിക്കണം: മന്ത്രി തുളസി

### പ്രൊഫ്കോണിൽ ഇന്ന്

ഹരിതാഭമായ മലനിരകളും നീലാകാശത്തിന്റെ വിശാലതയും അതിരുകൾ തീർക്കുന്ന പാലക്കാടിന്റെ മണ്ണിൽ, പ്രകൃതിയുടെ ശാന്തത തുളുമ്പുന്ന വാളയാർ അഹല്യ ക്യാമ്പസ് ചരിത്രത്തിന്റെ പുതിയൊരു ഏടിലേക്ക് സാക്ഷ്യം വഹിക്കുകയായിരുന്നു. മലനിരകളുടെ പശ്ചാത്തലത്തിൽ, കാറ്റിന്റെ കുളിർമയും പക്ഷികളുടെ കളകൂജനവും നിറഞ്ഞ സുന്ദരമായ അന്തരീക്ഷത്തിലാണ് വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ മുപ്പതാം ആഗോള പ്രൊഫഷണൽ വിദ്യാർഥി സമ്മേളനമായ 'പ്രൊഫ്കോൺ' (PROFCON 2026) മൂന്ന് ദിവസങ്ങളിലായി അത്യന്തം വിജ്ഞാനപ്രദവും വൈകാരികവുമായ അനുഭവങ്ങളോടെ അരങ്ങേറിയത്. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള നൂറിലധികം പ്രൊഫഷണൽ സ്ഥാപനങ്ങളിൽനിന്നുള്ള ആയിരക്കണക്കിന് യുവപ്രതിഭകളുടെ സംഗമവേദിയായി മാറിയ ആ അഹല്യ ക്യാമ്പസ് അക്ഷരാർഥത്തിൽ ഒരു വിജ്ഞാന മഹോത്സവത്തിന്റെ പ്രാണനായി മാറുകയായിരുന്നു.

**മൂന്നു ദിവസങ്ങളിലായി പാലക്കാടിന്റെ മണ്ണിൽ വിസ്ഡം സ്റ്റുഡന്റ്സ് സംഘടിപ്പിച്ച പ്രോഫ്കോൺ 2026 കേവലം ഒരു സമ്മേളനം എന്നതിലുപരി, വരുംതലമുറയ്ക്ക് കരുത്തുപകരുന്ന ഒരു വൈജ്ഞാനിക വിപ്ലവമായി മാറി. അറിവും ധാർമികതയും കൈകോർക്കുന്ന ഒരു പുതിയ സമൂഹത്തെ വാർത്തെടുക്കുന്നതിൽ ഇത്തരം സമ്മേളനങ്ങൾ വലിയൊരു വഴിവിളക്കാണെന്നതിൽ സംശയമില്ല. ഹൃദയത്തിൽ മായാത്ത ഓർമകളും ഉന്നതമായ ലക്ഷ്യങ്ങളുമായി ആയിരക്കണക്കിനു പ്രൊഫഷണൽ വിദ്യാർഥികൾ തങ്ങളുടെ കർമമേഖലകളിലേക്ക് തിരികെ നടക്കുമ്പോൾ, 'പ്രൊഫ്കോൺ 2026' കേരളീയ വിദ്യാഭ്യാസ ചരിത്രത്തിൽ സുവർണ ലിപികളാൽ എഴുതപ്പെട്ട പ്രോജ്വല രേഖയായി തലയുയർത്തി നിൽക്കുന്നു.**

സെപ്റ്റംബർ 11, 12, 13 തീയതികളിൽ നടന്ന ഈ മഹാസമ്മേളനം കേവലം ഒരു വിദ്യാർഥി സംഗമം എന്നതിലുപരി, ചിന്തയുടെയും പ്രവൃത്തിയുടെയും പുതിയ ചക്രവാളങ്ങൾ തുറന്നിട്ട ഒന്നായിരുന്നു. വരാൻ സാധിക്കാത്ത ചില വ്യക്തികളെ ഒഴിവാക്കിക്കൊണ്ട്, സമ്മേളനത്തിൽ സജീവമായി സംബന്ധിക്കുകയും തങ്ങളുടെ അമൂല്യമായ ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്ത പ്രമുഖ വ്യക്തികളുടെ പ്രഭാഷണങ്ങളും, ബ്രോഷറുകളിൽ വിഭാവനം ചെയ്യപ്പെടുകയും വിജയകരമായി പൂർത്തീകരിക്കപ്പെടുകയും ചെയ്ത വൈവിധ്യമാർന്ന പരിപാടികളും കോർത്തിണക്കി ഈ ആസ്വാദനക്കുറിപ്പ് വിപുലമായ രീതിയിൽ താഴെ അവതരിപ്പിക്കുന്നു:

**1-ാം ദിവസം**

### സെപ്റ്റം. 11 വെള്ളി

പ്രഭാതത്തിന്റെ പ്രകാശവും പ്രയാണത്തിന്റെ തുടക്കവും: 'ദി സർഫേസ്' എന്ന ആശയത്തിൽ ഊന്നിക്കൊണ്ട് ഒന്നാം ദിവസം പ്രൗഢഗംഭീരമായ തുടക്കമാണ് കുറിച്ചത്. വൈകുന്നേരം അഞ്ചുമണിക്ക് പ്രൊഫ്-പൾസ്' എന്ന പേരിൽ ആരംഭിച്ച പ്രാരംഭ ചടങ്ങുകൾ ക്യാമ്പസിന് പുതിയൊരു ആവേശമാണു നൽകിയത്.

വിസ്ഡം സ്റ്റുഡന്റ്സ് ട്രഷറർ ഖാബിൽ സി.വി സ്വാഗതം പറഞ്ഞ യോഗത്തിൽ വൈസ് പ്രസിഡന്റ് അബ്ബാസ് ഹമീദ് അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. മലമ്പുഴ അസംബ്ലി കോൺസ്റ്റിറ്റിയൂൻസി എം.എൽ.എ എ. പ്രഭാകരൻ മുഖ്യാതിഥിയായി സംബന്ധിച്ച് സംസാരിച്ചത് സദസ്സിന് ഏറെ പ്രചോദനമായി. ധാനിഷ് അഹമ്മദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡയറക്ടർ കെ.എ. അക്ബർ ബാഷ, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ട്രഷറർ കെ. സജ്ജാദ്, വിസ്ഡം യൂത്ത് വൈസ് പ്രസിഡന്റ് ഡോ. നസീഫ് പി.പി, വിസ്ഡം സ്റ്റുഡന്റ്സ് പാലക്കാട് ജില്ലാ സെക്രട്ടറി അബ്ദുൽ മാജിദ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

തുടർന്ന് നടന്ന '30 എഡിഷൻസ്, വൺ വിഷൻ' എന്ന സെഷനിൽ അഷ്കർ ഇബ്റാഹീം സംഘടനയുടെ മൂന്ന് പതിറ്റാണ്ടുകളുടെ ചരിത്രവും ലക്ഷ്യങ്ങളും വിശദീകരിച്ചു. രാത്രിയിൽ നടന്ന ഓപ്പൺ ഡിബേറ്റ് സദസ്സിനെ ഏറെ ചിന്തിപ്പിക്കുന്നതായിരുന്നു.

'ജനറേഷൻ സെഡ്: റേജ്, റെസിസ്റ്റൻസ് ആന്റ് റെവല്യൂഷൻ' എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ വി.ടി. സൂരജ് എം.എൽ.എ (ബാലുശ്ശേരി അസംബ്ലി കോൺസ്റ്റിറ്റിയൂൻസി), ആദർശ് എം. സജി (പ്രസിഡന്റ്, എസ്.എഫ്.ഐ നാഷണൽ കമ്മിറ്റി), അഡ്വ. സി.കെ. നജാഫ് (മുൻ ജനറൽ സെക്രട്ടറി, എം.എസ്.എഫ് കേരള), ഷിയാദ് ഹസൻ (എക്സിക്യൂട്ടീവ് മെമ്പർ, വിസ്ഡം സ്റ്റുഡന്റ്സ്) എന്നിവർ പങ്കെടുത്തു. ഇന്നത്തെ തലമുറയുടെ അമർഷങ്ങളും പ്രതിരോധങ്ങളും വിപ്ലവങ്ങളും ഏതൊക്കെ ദിശയിലായിരിക്കണം എന്നതിനെക്കുറിച്ചുള്ള ആഴത്തിലുള്ള വിശകലനങ്ങൾ ഈ ചർച്ചയിൽ ഉയർന്നുവന്നു. ഒന്നാം ദിവസത്തിന്റെ അവസാനത്തിൽ റഷീദ് കൊടുക്കാട്ട് അവതരിപ്പിച്ച 'ദി ഗെസ്റ്റ് നോ വൺ ഇൻവൈറ്റ്സ്' എന്ന സെഷൻ ജീവിത യാഥാർഥ്യങ്ങളെക്കുറിച്ചുള്ള വേറിട്ട ചിന്തകൾ സമ്മാനിച്ചു.

**2-ാം ദിവസം**

### സെപ്റ്റം 12, ശനി 'ദി ഡീപ്'- അറിവിന്റെ ആഴങ്ങളിലേക്ക്:

രണ്ടാം ദിവസം പ്രഭാതത്തിൽ തന്നെ 'ദി മെലഡി ഓഫ് റെവലേഷൻ' എന്ന ശീർഷകത്തിൽ

ശഫീഖ് അൽഹികമി, ഷഹീർ അൽഹികമി എന്നിവരുടെ നേതൃത്വത്തിൽ ഖുർആൻ പാരായണത്തോടെ തുടക്കമായി. അംജദ് മദനി, ശരീഫ് കാര, ശാഫി അൽഹികമി എന്നിവർ അവതരിപ്പിച്ച 'ദെയർ സ്റ്റോറീസ്, ഔർ ലെസൺസ്' എന്ന സെഷൻ മുൻകാല വ്യക്തിത്വങ്ങളുടെ ജീവിതാനുഭവങ്ങളിൽ നിന്നുള്ള വിലയേറിയ പാഠങ്ങൾ വിദ്യാർഥികൾക്ക് പകർന്നുനൽകി.

ആധുനിക വിദ്യാഭ്യാസ രംഗത്ത് നാം പാലിക്കേണ്ട മൂല്യങ്ങളെക്കുറിച്ചും സാങ്കേതിക മുന്നേറ്റങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. തുടർന്ന് അർഷദ് അൽഹികമി അവതരിപ്പിച്ച 'വാട്ട് വിൽ യു ചൂസ്?' എന്ന വിഷയം വിദ്യാർഥികൾക്ക് ശരിയായ തീരുമാനങ്ങൾ എടുക്കാനുള്ള ദിശാബോധം നൽകി.

തുടർന്ന് നടന്ന 'ദ ടെയ്സ്റ്റ് ഓഫ് ഹലാൽ വെൽത്ത്' എന്ന സെഷൻ സാമ്പത്തിക രംഗത്തെ ഇസ് ലാമിക കാഴ്ചപ്പാടുകളെയും ധാർമികതയെയും കുറിച്ചുള്ള വ്യക്തമായ ചിത്രം നൽകി. പ്രശസ്ത ശരീഅത്ത് സ്കോളറും ഇസ്‌ലാമിക് ഫിനാൻസ് വിദഗ്ധനുമായ പി.എൻ. അബ്ദുറഹ്മാൻ അബ്ദുൽലത്വീഫ് മദനി, ബിസിനസ് സ്ട്രാറ്റജിസ്റ്റും ഫിനാൻഷ്യൽ അനലിസ്റ്റുമായ ഫവാസ് ഒ.പി എന്നിവർ ഈ സെഷനിൽ സംസാരിച്ചു. സമ്പാദ്യം ഹലാലായ മാർഗത്തിലൂടെയാകേണ്ടതിന്റെയും ബിസിനസ്സ് രംഗത്തെ സദാചാരബോധത്തിന്റെയും പ്രാധാന്യം അവർ വിശദീകരിച്ചു. ഹിലാൽ സലീം സി.പി അവതരിപ്പിച്ച 'ഉൾട അടിക്കുന്ന പുരോഗമനം' എന്ന വിഷയം സദസ്സിൽ വലിയ ചർച്ചയായി മാറി.

ഉച്ചയോടടുത്ത സെഷനുകളിൽ പ്രമുഖരുടെ സാന്നിധ്യംകൊണ്ട് വേദി സമ്പന്നമായി. 'എ ലൈഫ് ഇല്യൂമിനേറ്റഡ് ബൈ റെവലേഷൻ' എന്ന വിഷയത്തിൽ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ (ചെയർമാൻ, ലജ്നതുൽ ബുഹൂസിൽ ഇസ്‌ലാമിയ) പ്രഭാഷണം നടത്തി. മുനവ്വർ സ്വലാഹിയും അശ്റഫ് അൽ ഹികമിയും ചേർന്ന് അവതരിപ്പിച്ച 'എ ലൈഫ് ബിറ്റ്വീൻ സുജൂദ്' എന്ന സെഷൻ ആത്മീയതയുടെ ഔന്നത്യം വിദ്യാർഥികൾക്ക് പകർന്നുനൽകി.

ഡോ. അബ്ദുല്ല ബാസിൽ സി.പി അവതരിപ്പിച്ച അയ്നിപ്പോ എന്താ കുഴപ്പം?' എന്ന ചിന്താവിഷയം ഇന്നത്തെ സമൂഹത്തിലെ ധാർമിക അപചയങ്ങളെയും ന്യായീകരണങ്ങളെയും ചോദ്യം ചെയ്യുന്നതായിരുന്നു.

ക്യാമ്പസ് ജീവിതത്തിന്റെ ആരോഗ്യകരമായ വശങ്ങളെക്കുറിച്ചും ഒരു വിദ്യാർഥി സമൂഹത്തോടു പുലർത്തേണ്ട ഉത്തരവാദിത്തങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ഡോ. ഷഹബാസ് കെ. അബ്ബാസ്, സുഹൈൽ അബ്ദുസ്സമദ്, അദിൽ ബിൻ മൊയ്തീൻ എന്നിവർ ചേർന്ന് അവതരിപ്പിച്ച 'ക്യാമ്പസ് ക്രോണിക്കിൾസ്: ദി അൺഫിൽട്ടേർഡ് ഇയേഴ്സ്' എന്ന സെഷൻ കാമ്പസുകളിലെ നേർക്കാഴ്ചകൾ തുറന്നുകാട്ടി. ഡോ. മുഹമ്മദ് റോഷൻ അവതരിപ്പിച്ച 'ക്വസ്റ്റ്യൻ എവരിതിങ് - എക്സെപ്റ്റ് യുവർസെൽഫ്' എന്ന വിഷയം ആത്മപരിശോധനയുടെ പ്രാധാന്യത്തെ ഓർമിപ്പിച്ചു. ശഫീഖ് സ്വലാഹിയുടെ 'ലോവർ യുവർ വിങ്സ്' എന്ന പ്രഭാഷണം വിനയത്തിന്റെയും മാനവികതയുടെയും പാഠങ്ങൾ പകർന്നുതന്നു.

സമ്മേളനത്തിലെ ഏറ്റവും ആവേശകരമായ നിമിഷങ്ങളിലൊന്നായിരുന്നു 'ദി ഗ്രേറ്റ് ഫേസ് ഓഫ് സ്കിൽ വേഴ്സസ് ഡിഗ്രി' എന്ന, ഉയർന്ന ഊർജസ്വലതയോടെ നടന്ന സംവാദം. എജ്യുക്കേഷനിസ്റ്റും XandY ലേണിംഗ് സ്ഥാപകനുമായ മുഹമ്മദ് അജ്മൽ സി, ബ്രോട്ടോടൈപ്പ് സ്ഥാപകനും സി.ഇ.ഒയുമായ നിഖിൽ കിളിവയിൽ എന്നിവർ തമ്മിൽ നടന്ന ഈ സംവാദം ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തെയും തൊഴിൽ വിപണിയെയും കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുകൾ മുന്നോട്ടുവെച്ചു.

വൈകുന്നേരത്തോടെ നടന്ന 'ഡീകോഡിങ് ദി റൈറ്റിങ്സ് ഓൺ ദി വാൾ' എന്ന സെഷനിൽ ബെംഗളൂരു അൽഫജ്ർ ഇൻസ്റ്റിറ്റ്യൂട്ട് സ്കോളർ കലീം മഹമൂദ് സയ്യിദ് അവതരിപ്പിച്ച 'ദി നെഗ്ലക്റ്റ് വീ കാനോട്ട് അഫോർഡ്' എന്ന വിഷയം സമൂഹത്തിന് വലിയൊരു സന്ദേശം നൽകി.

താജുദ്ദീൻ സ്വലാഹി, ഷംജാസ് കെ. അബ്ബാസ്, ഷദീദ് ഹസൻ എന്നിവരുടെ 'കുക്കിംഗ് സംതിങ്' എന്ന സെഷനും, ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ (ഓർത്തോപീഡിക് സർജൻ, അൽമാസ് ഹോസ്പിറ്റൽ) അവതരിപ്പിച്ച 'വൺ ക്രിയേറ്റർ, വൺ കോളിംഗ്' എന്ന പ്രഭാഷണവും, മുജാഹിദ് അൽഹികമിയുടെ 'ഐ, മീ & മൈസെൽഫ്' എന്ന സെഷനും വിദ്യാർഥികളിൽ പുതിയ ഊർജ്ജം നിറച്ചു.

**പെൺകരുത്തിന്റെ മികവിൽ വിദ്യാർഥിനി സമ്മേളനം (വേദി: ഫ്ളോറെറ്റ്സ്)**

പെൺകുട്ടികൾക്കായി മാത്രം ഒരുക്കിയ പ്രത്യേക വേദി പ്രോ



ഫ്കോണിന്റെ മറ്റൊരു പൊൻതൂവലായിരുന്നു. സംഘാടന മികവും തികഞ്ഞ അച്ചടക്കവും പുലർത്തിക്കൊണ്ട് രണ്ടു രാവും മൂന്നു പകലും നീണ്ടുനിന്ന ഈ വൈജ്ഞാനിക മുന്നേറ്റം അങ്ങേയറ്റം ശ്രദ്ധേയമായി. വഫാ ഷെറിയുടെ സ്വാഗത പ്രസംഗത്തോടെ തുടങ്ങിയ ചടങ്ങിൽ നുബ്ല എം. അധ്യക്ഷത വഹിച്ചു. വിസ്ഡം വിമൻ പ്രസിഡന്റ് സഹ്റ സുല്ലമിയ്യ ഉദ്ഘാടനം നിർവഹിച്ചു. എസ്.സി, എസ്.ടി, പിന്നോക്ക വിഭാഗക്ഷേമ വകുപ്പ് മന്ത്രി കെ.എ. തുളസി മുഖ്യാതിഥിയായി സംബന്ധിച്ച് സംസാരിച്ചു. സലീന ടി.കെ, മുഫീദ കെ. എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാത്തിമ ഫഹ്മി 'ഹെയർ വീ ഗോ!' എന്ന സെഷന് നേതൃത്വം നൽകി.

'ഹൂ ഡു യു ലുക്ക് അപ്പ് ടു?' എന്ന സെഷനിൽ ഹനീന ടി.കെ, ഡോ. ഫിൽഡ ടി.കെ, ഹിബ ഹാരിസ് എന്നിവരും, 'ദി ഫെമ്ബ്ലോയിറ്റേഷൻ പ്ലേബുക്ക്' എന്ന വിഷയത്തിൽ ശിഫ ഹാരിസും സംസാരിച്ചു. തുടർന്ന് നടന്ന 'ഹോം, വർക്ക് & ബിയോണ്ട്' എന്ന സെഷനിൽ ഡോ. റുക്സാന, അഫ്രീൻ മുഹമ്മദ് (സ്ഥാപക, എൻഡവർ സ്കൂൾ) എന്നിവരും, 'എബോവ് ദി സെൽഫ്' എന്ന വിഷയത്തിൽ നൂറുദ്ദീൻ മദീനിയും പ്രഭാഷണം നടത്തി.

ഉച്ചയ്ക്കുശേഷമുള്ള സെഷനുകളിൽ ഡോ. ആബിദ ഫാറൂഖി (മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ) 'എഡ്യൂക്കേറ്റഡ്, ബട്ട് ഫോർ വാട്ട്' എന്ന ഗൗരവമേറിയ വിഷയം അവതരിപ്പിച്ചു. വിദ്യാഭ്യാസം മനുഷ്യനെ കൂടുതൽ ഉത്തരവാദിത്തമുള്ളവനാക്കണമെന്ന് അവർ ഓർമിപ്പിച്ചു. സി. മുഹമ്മദ് അജ്മലിന്റെ 'ഡിഗ്രി ടു ഡെസ്റ്റിനി,' സുബൈർ സലഫിയുടെ 'ദി ഡെപ്റ്റ് യു കാൻ നെവർ റീപേ' എന്നീ സെഷനുകളും ഏറെ പ്രശംസ പിടിച്ചുപറ്റി.

അഡ്വ. നജ്മ തബ്ഷീറ (വക്കീലും രാഷ്ട്രീയ പ്രവർത്തകയും) അവതരിപ്പിച്ച 'ഹർ ഫെയ്ത്ത്, ഹർ ഫിഖ്ഹ്, ഹർ ഫൈറ്റ്' എന്ന സെഷൻ പെൺകുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതായിരുന്നു. ഹംസ മദീനി, മുഹമ്മദ് സ്വാദിഖ് മദീനി എന്നിവരുടെ 'ഡൗട്ട് ടു ക്ലാരിറ്റി,' ഡോ. റസീല സി, നുബ്ല എം, റോസിൻ അബ്ദുൽ കരീം എന്നിവരുടെ 'വാട്ട് ക്യാമ്പസ് ഡേസന്റ് ഷോ യു' എന്നീ സെഷനുകളും നടന്നു. പ്രൊഫ. ഹാരിസ് ബിൻ സലീം, ഡോ. അബ്ദുല്ല ബാസിൽ സി.പി, ശിഹാബ് എടക്കര എന്നിവർ ചേർന്ന് അവതരിപ്പിച്ച 'ഫെയ്ത്ത്, ഫ്രീഡം ആന്റ് ദി മുസ്‌ലിമ' എന്ന സമാപന സെഷനോടുകൂടി പെൺകുട്ടികളുടെ വേദികൾ സമാപിച്ചു. ക്വിസ് മത്സരങ്ങൾ, വീഡിയോ റെക്കോർഡിംഗ്, ഗ്രൂപ്പ് ചർച്ചകൾ, പ്രബന്ധാവതരണങ്ങൾ, ആക്റ്റിവിറ്റികൾ, വളണ്ടിയർ പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം കാമ്പസ് വിദ്യാർഥിനികൾ നേരിട്ട് നേതൃത്വം നൽകിയത് ഈ സമ്മേളനത്തിന്റെ വലിയ വിജയമായി മാറി.

**3-ാം ദിവസം**

### സെപ്റ്റം 13, ഞായർ
### 'ദി റൂട്ട്'-മൂല്യങ്ങളുടെ വേരുകൾ തേടി

സമ്മേളനത്തിന്റെ സമാപന ദിവസമായ ഞായറാഴ്ച പ്രകൃതിയുടെ പച്ചപ്പിൽ അറിവിന്റെ പുതിയ സന്ദേശങ്ങൾ നൽകിക്കൊണ്ട് സജീവമായി ആരംഭിച്ചു. പ്രഭാതത്തിൽ ഉമ്മുകുൽസു (46ാമത് കിങ് അബ്ദുൽ അസീസ് ഇന്റർനാഷണൽ ക്വുർആൻ പാരായണ മത്സര ഫൈനലിസ്റ്റ്), അഫ്രീഹ എന്നിവരുടെ ക്വുർആൻ പാരായണത്തോടെ തുടക്കമായി. 'ദി പീസ് പ്രൊജക്റ്റ്' എന്ന സെഷനിൽ താജുദ്ദീൻ സ്വലാഹി, അബ്ദുറഹ്മാൻ ചുങ്കത്തറ എന്നിവർ സംസാരിച്ചു.

തുടർന്ന് നടന്ന 'ദി ഗ്രേറ്റ് ഇന്ററോഗേഷൻ' എന്ന ഓപ്പൺ മൈക്ക് സെഷനിൽ എം.പി വി.കെ. ശ്രീകണ്ഠൻ മുഖ്യാതിഥിയായി സംബന്ധിച്ചു. ഫൈസൽ മൗലവി (ഡയറക്ടർ, ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ), അബ്ദുൽ മാലിക് സലഫി, സി.പി. സലീം എന്നിവർ വിദ്യാർഥികളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി. തുടർന്ന് നടന്ന 'ബ്രേക്കിംഗ് ദി ലൂപ്പ്' എന്ന സെഷനിൽ എം.എൽ.എ കെ.പി. നൗഷാദ് അലി സംബന്ധിച്ചു. പ്രൊഫ. ഹാരിസ് ബിൻ സലീം 'നോ മോർ എക്സ്ക്യൂസസ്' എന്ന വിഷയത്തിലും, മൃദുൽ എം. മഹേഷ് 'ഹുക്ക്ഡ്' എന്ന വിഷയത്തിലും സംസാരിച്ചു.

മറ്റൊരു പ്രധാന സെഷനായ 'ദി സോഷ്യൽ ട്രാപ്പ്' എന്ന വിഷയത്തിൽ പൊതുവിദ്യാഭ്യാസ

വകുപ്പ് മന്ത്രി അഡ്വ. എൻ. ഷംസുദ്ദീൻ മുഖ്യാതിഥിയായി സംസാരിച്ചു. സമൂഹത്തിലെ ദൂഷ്യവശങ്ങൾക്കെതി രെയും സോഷ്യൽ മീഡിയയുടെ ചതിക്കുഴികളെക്കുറിച്ചും അദ്ദേഹം വിദ്യാർഥികൾക്ക് മുന്നറിയിപ്പു നൽകി. മൃദുൽ എം. മഹേഷിന്റെ 'ബി.ഐ.ടി.എം-ബീയിംഗ് ഇൻ ദി മൊമന്റ്' എന്ന സെഷനും ശ്രദ്ധേ യമായി.

**തൂഫാൻ ഐക്യദാർഢ്യം: ലഹരിക്കെതിരെയുള്ള ശക്തമായ പ്രതിരോധം**

സമ്മേളനത്തിന്റെ ഏറ്റവും നിർണായകവും പ്രാധാന്യമർഹിക്കുന്നതുമായ ഒരു ഏടായിരുന്നു സംസ്ഥാന സർക്കാരിന്റെ 'തൂഫാൻ' ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രഖ്യാപിച്ച പൂർണ ഐക്യദാർഢ്യം. ഇന്ത്യയിലെ വിവിധ ക്യാമ്പസുകളിൽ നിന്നെത്തിയ ആയിരക്കണക്കിന് വിദ്യാർഥികൾ ലഹരിയുടെ വിപത്തുകൾ വിളിച്ചോതുന്ന പ്ലക്കാർഡുകളുയർത്തി കാമ്പസിൽ അണിനിരന്നു. 'ലഹരിക്കെതിരെ കേരളത്തിനകത്തും പുറത്തും നടക്കുന്ന ബോധവൽക്കരണ പദ്ധതികളിൽ വിദ്യാർഥികൾ പൂർണ പങ്കാളികളാകും എന്ന പ്രഖ്യാപനം സമൂഹത്തിന് നൽകിയ സന്ദേശം വളരെ വലുതാണ്. വി.കെ. ശ്രീകണ്ഠൻ എം.പി ഉദ്ഘാടനം ചെയ്ത ഈ ഐക്യദാർഢ്യ സമ്മേളനത്തിൽ വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സെക്രട്ടറി റിഷാദ് പൂക്കാടഞ്ചേരി അധ്യക്ഷത വഹിച്ചു. ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ യുവതീയുവാക്കളും പ്രൊഫഷണൽ വിദ്യാർഥികളും ഒന്നടങ്കം കൈകോർക്കുമെന്ന പ്രതിജ്ഞയാണ് അവിടെ ഉയർന്നുകേട്ടത്.

**പ്രൗഢഗംഭീരമായ സമാപനം: 'ദി ഫൈനൽ ചാപ്റ്റർ':**

ഉച്ചയോടുകൂടി പ്രൊഫ്കോണിന്റെ സമാപന സമ്മേളനം അത്യന്തം ഗാംഭീര്യത്തോടെ അരങ്ങേറി. ഷാമിൽ കെ.എം (വൈസ് പ്രസിഡന്റ്, വിസ്ഡം സ്റ്റുഡന്റ്സ്) സ്വാഗതം പറഞ്ഞ ചടങ്ങിൽ റിഷാദ് അൽ ഹികമി അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പ്രസിഡന്റ് പി.എൻ. അബ്ദുൽ ലത്വീഫ് മദനി സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. പ്രൊഫഷണൽ സ്ഥാപനങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിതമായ അതിനൂതന കോഴ്സുകൾ ആരംഭിക്കണമെന്നും പി.ജി ഉൾപ്പെടെയുള്ള കോഴ്സുകളുടെ സീറ്റുകൾ വർധിപ്പിക്കണമെന്നും സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി അക്കാദമിക നിലവാരം ഉയർത്താൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമാപന സമ്മേളനം ശക്തമായി ആവശ്യപ്പെട്ടു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജനറൽ സെക്രട്ടറി ടി.കെ. അഷ്റഫ് മുഖ്യപ്രഭാഷണം നടത്തി. പി.കെ. ഷെരീഫ് എലങ്കോട് (വൈസ് പ്രസിഡന്റ്), നാസിർ ബാലുശ്ശേരി (സെക്രട്ടറി), ഡോ. ബഷീർ വി.പി (ജനറൽ സെക്രട്ടറി, വിസ്ഡം യൂത്ത്) എന്നിവർ ആശംസകൾ അർപ്പിച്ചു. നുഷാൻ രണ്ടത്താണി (സെക്രട്ടറി, വിസ്ഡം സ്റ്റുഡന്റ്സ്) നന്ദി രേഖപ്പെടുത്തി.

**ഹൃദയത്തിൽ പതിയുന്ന അനുഭവങ്ങൾ**

മൂന്നു ദിവസങ്ങളിലായി പാലക്കാടിന്റെ മണ്ണിൽ വിസ്ഡം സ്റ്റുഡന്റ്സ് സംഘടിപ്പിച്ച പ്രോഫ്കോൺ 2026 കേവലം ഒരു സമ്മേളനം എന്നതിലുപരി, വരുംതലമുറയ്ക്ക് കരുത്തുപകരുന്ന ഒരു വൈജ്ഞാനിക വിപ്ലവമായി മാറി. അഹല്യ ക്യാമ്പസിന്റെ ഹരിതാഭമായ പ്രകൃതിയും, പ്രമുഖരുടെ വിജ്ഞാനപ്രദമായ പ്രഭാഷണങ്ങളും, വിദ്യാർഥികളുടെ ആവേശവും ചേർന്നപ്പോൾ അതൊരു സുവർണ അധ്യായമായി മാറുകയായിരുന്നു.

അറിവും ധാർമികതയും കൈകോർക്കുന്ന ഒരു പുതിയ സമൂഹത്തെ വാർത്തെടുക്കു ന്നതിൽ ഇത്തരം സമ്മേളനങ്ങൾ വലിയൊരു വഴിവിളക്കാണെന്നതിൽ സംശയമില്ല. ഹൃദയത്തിൽ മായാത്ത ഓർമകളും ഉന്നതമായ ലക്ഷ്യങ്ങളുമായി ആയിരക്കണക്കിനു പ്രൊഫഷണൽ വിദ്യാർഥികൾ തങ്ങളുടെ കർമമേഖലകളിലേക്ക് തിരികെ നടക്കുമ്പോൾ, 'പ്രൊഫ്കോൺ 2026' കേരളീയ വിദ്യാഭ്യാസ ചരിത്രത്തിൽ സുവർണ ലിപികളാൽ എഴുതപ്പെട്ട പ്രോജ്വല രേഖയായി തലയുയർത്തി നിൽക്കുന്നു. ■

**'ദ ടെയ്സ്റ്റ് ഓഫ് ഹലാൽ വെൽത്ത്' എന്ന സെഷൻ സാമ്പത്തിക രംഗത്തെ ഇസ്‌ലാമിക കാഴ്ചപ്പാടുകളെയും ധാർമികതയെയും കുറിച്ചുള്ള വ്യക്തമായ ചിത്രം നൽകി. അതോടൊപ്പം, സമ്പാദ്യം ഹലാലായ മാർഗത്തിലൂടെയാകേണ്ടതിന്റെയും ബിസിനസ്സ് രംഗത്തെ സദാചാരബോധത്തിന്റെയും പ്രാധാന്യം വിശദീകരിക്കപ്പെട്ടു.**




# ‘എക്സ് മുസ്‌ലിമി’ന്റെ പൊയ്മുഖം

മുഫീദ് പാലക്കാഴി
: 9207520344

കേരളത്തിലെ വൈജ്ഞാനിക-സാമൂഹിക മണ്ഡലങ്ങളിൽ പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള പ്രസ്ഥാനങ്ങളാണ് യുക്തിവാദവും സ്വതന്ത്രചിന്തയും. നവോത്ഥാന പ്രസ്ഥാനങ്ങളുടെ തുടർച്ചയായും ശാസ്ത്രീയ മനോഭാവ രൂപീകരണത്തിന്റെ ഭാഗമായുമാണ് സ്വതന്ത്രചിന്ത സംസ്ഥാനത്ത് വേരൂന്നിയത്. എന്നാൽ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഡിജിറ്റൽ പൊതുമണ്ഡലത്തിന്റെയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെയും വികാസത്തോടെ സ്വതന്ത്രചിന്ത എന്ന ആശയത്തിന്റെ വ്യാപ്തിയും പ്രവർത്തനരീതിയും വലിയ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. പുരോഗമനപരമായ ആശയവിമർശനത്തിനു പകരം വൈകാരികമായ വർഗീയ വിഭജനത്തിനും ഡിജിറ്റൽ അധിക്ഷേപങ്ങൾക്കും വ്യക്തിഹത്യയ്ക്കും വേണ്ടി സ്വതന്ത്രചിന്തയെ മറയാക്കുന്ന പുതിയ പ്രവണതകൾ സോഷ്യൽ മീഡിയയിൽ വ്യാപകമായി കാണ പ്പെടുന്നു.

ഈ പ്രതിഭാസത്തിന്റെ കേന്ദ്രസ്ഥാനത്ത് നിലനിൽക്കുന്ന വ്യക്തിയാണ് മുൻ ഹോമിയോപ്പതി പ്രാക്ടീഷണറും ‘എക്സ്-മുസ്‌ലിംസ് ഓഫ് കേരള,’ ‘നോൺ-റിലീജിയസ് സിറ്റിസൺസ്’ എന്നീ സംഘടനകളുടെ ഭാരവാഹിയുമായ ആരിഫ് ഹുസൈൻ തെരുവത്ത്. സ്വതന്ത്രചിന്ത, യുക്തിവാദം, വിമർശനാത്മക ചിന്ത എന്നീ ആശയങ്ങളെ മുൻനിറുത്തി പൊതുസമൂഹത്തിൽ സ്വാധീനമു

**സ്വതന്ത്രചിന്തയുടെയും യുക്തിവാദത്തിന്റെയും വേഷമണിഞ്ഞ് സാമ്പത്തിക ലാഭത്തിനും സോഷ്യൽ മീഡിയ റീച്ചിനും വേണ്ടി സ്ത്രീവിരുദ്ധതയും മതവിദ്വേഷവും പ്രചരിപ്പിക്കുന്ന ആരിഫ് ഹുസൈൻ തെരുവത്തിനെപ്പോലുള്ളവരുടെ അജണ്ടകൾ പൊതുസമൂഹം തിരിച്ചറിയേണ്ടതുണ്ട്. വരുംദിവസങ്ങളിൽ നിയമവ്യവസ്ഥയ്ക്ക് മുന്നിലും ഡിജിറ്റൽ പൊതുമണ്ഡലത്തിലും ഇത്തരം വ്യാജ ലിബറൽ നിർമിതികൾ കൂടുതൽ വിചാരണ ചെയ്യപ്പെടുകതന്നെ ചെയ്യും.**

ണ്ടാക്കാൻ ശ്രമിക്കുമ്പോഴും; ഇയാളുടെ ഉള്ളടക്കങ്ങൾ കേവലമായ മതവിമർശനത്തിനപ്പുറം ഒരു പ്രത്യേക സമുദായത്തെ ലക്ഷ്യമിട്ടുള്ള അന്ധമായ വിദ്വേഷ പ്രചാരണവും കമ്പോള യുക്തിവാദവുമാണെന്ന് വിവിധ സംഭവവികാസങ്ങൾ വ്യക്തമാക്കുന്നു.

ഒരുവശത്ത് സമത്വത്തെയും പൗരാവകാശങ്ങളെയും കുറിച്ച് സംസാരിക്കുകയും മറുവശത്ത് വംശീയതയും അന്യമതവിദ്വേഷവും പ്രചരിപ്പിക്കുകയും ചെയ്യുന്ന വൈരുധ്യമാണ് ആരിഫ് ഹുസൈൻ തെരുവത്തിന്റെ ഡിജിറ്റൽ ഇടപെടലുകളിൽ പ്രകടമാകുന്നത്. യുക്തിവാദത്തിന്റെയോ എക്സ്-മുസ്‌ലിം പ്രസ്ഥാനത്തിന്റെയോ പേരിൽ രംഗത്തുവരുമ്പോഴും, ഇയാൾ ഉൽപാദിപ്പിക്കുന്ന ഉള്ളടക്കങ്ങൾ പരിശോധിച്ചാൽ തീവ്ര വലതുപക്ഷ ഗ്രൂപ്പുകളും സംഘപരിവാർ ഐ.ടി സെല്ലുകളും നിർമിക്കുന്ന അതേ വിദ്വേഷഭാഷയും ആഖ്യാനങ്ങളുമാണ് കാണാൻ സാധിക്കുക.

ഇസ്‌ലാം മതത്തെയും മുസ്‌ലിം സമുദായത്തെയും വക്രീകരിച്ചു കാണിക്കുന്നതിലൂടെ വലിയ തോതിലുള്ള ഡിജിറ്റൽ ശ്രദ്ധയും ലൈക്കുകളും സാമ്പത്തിക സഹായങ്ങളും ഉറപ്പാക്കുക എന്നതാണ് ഇത്തരം പ്രചാരണങ്ങളുടെ പ്രാഥമിക ലക്ഷ്യം. സോഷ്യൽ മീഡിയയിലെ 'വ്യൂസ്' അൽഗോരിതങ്ങളെ ലക്ഷ്യമിട്ട് കൃത്രിമ വിവാദങ്ങൾ സൃഷ്ടിക്കുകയും, ഇസ്‌ലാമോഫോബിയയെ ഒരു വിപണന ഉൽപന്നമായി മാറ്റുകയുമാണ് ഇയാൾ ചെയ്യുന്നത്. താൻ ഒരു സ്വതന്ത്രചിന്തകനാണെന്ന് അവകാശപ്പെടുമ്പോഴും, പരസ്യമായി സയോണിസ്റ്റ് ആശയങ്ങളെ പിന്തുണയ്ക്കുകയും ഗാസയിലെ സിവിലിയൻ ആക്രമണങ്ങളെ ന്യായീകരിക്കുകയും ചെയ്തുകൊണ്ട് വലതുപക്ഷ രാഷ്ട്രീയത്തിന് നിശ്ശബ്ദമായ ഒത്താശ നൽകുന്ന തന്ത്രമാണ് ഇയാൾ പയറ്റുന്നത്.

ആശയപരമായ സംവാദങ്ങളിൽ മറുപടിയില്ലാതാകുമ്പോൾ എതിരാളികളുടെ കുടുംബത്തെയും സ്ത്രീകളെയും ലക്ഷ്യമിട്ടു സൈബർ ആക്രമണങ്ങൾ നടത്തുന്നത് ഇയാളുടെ സ്ഥിരം ശൈലിയായി മാറിയിരിക്കുന്നു. വിമർശനത്തെ വസ്തുതാപരമായി നേരിടുന്നതിനു പകരം സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കുന്ന അശ്ലീല പ്രചാരണങ്ങളാക്കി മാറ്റുന്ന സമീപനം ആരിഫ് ഹുസൈൻ തെരുവത്തിന്റെ ഇരട്ടത്താപ്പാണ് തുറന്നുകാട്ടുന്നത്.

ഡോ. അബ്ദുല്ല ബാസിലിന്റെ മാതാവിനെയും സഹോദരിയെയും ലക്ഷ്യമിട്ട് ഫേസ്ബുക്കിലൂടെ നടത്തിയ ലൈംഗിക അധിക്ഷേപങ്ങൾ ഇയാളുടെ സ്ത്രീവിരുദ്ധതയുടെയും ഡിജിറ്റൽ ഗുണ്ടായിസത്തിന്റെയും ഉദാഹരണമാണ്. ഈ വിഷയത്തിൽ ഡോ. അബ്ദുല്ല ബാസിൽ സംസ്ഥാന പോലീസ് മേധാവിക്ക് (DGP) ഔദ്യോഗികമായി പരാതി നൽകി. അൽപം വൈകിയാണെങ്കിലും പരാതിയിൽ അന്വേഷണം തുടങ്ങിയിട്ടുണ്ട്.

സോഷ്യൽ മീഡിയയിലെ എഡിറ്റ് ചെയ്ത വീഡിയോകൾക്കും അടച്ചിട്ട മുറികളിലെ വ്ളോഗിംഗിനും അപ്പുറം, തത്സമയ ബൗദ്ധിക സംവാദ വേദികളിൽ കൃത്യമായ ചോദ്യങ്ങൾക്കു മുന്നിൽ ആരിഫ് ഹുസൈൻ നേരിട്ട തിരിച്ചടികൾ ഇയാളുടെ അവകാശവാദങ്ങളുടെ പൊള്ളത്തരം വെളിപ്പെടുത്തുന്നതാണ്. യുകെയിലെ ലണ്ടൻ സ്പീക്കേഴ്സ് കോർണറിൽ നടന്ന തത്സമയ സംവാദം ഇതിൽ നിർണായകമായ സംഭവമാണ്.

സംവാദത്തിനിടയിൽ ഇസ്‌ലാമിക പ്രമാണങ്ങളെ ദുർവ്യാ

ഖ്യാനം ചെയ്തുകൊണ്ട് ആരോപണങ്ങൾ ഉന്നയിച്ചപ്പോൾ, അതിനുള്ള മൂലഗ്രന്ഥ തെളിവുകൾ ഹാജരാക്കാൻ എതിരാളികൾ ആവശ്യപ്പെട്ടു. എന്നാൽ, താൻ ഉന്നയിച്ച അവകാശവാദങ്ങൾക്കു തെളിവു നൽകാൻ കഴിയാതെ ഗൂഗിളിലും എ.ഐ ടൂളുകളിലും ഉത്തരങ്ങൾ തിരയുകയും, വൈഫൈ കണക്ഷൻ മന്ദഗതിയിലാണെന്ന് പരാതിപ്പെടുകയും ചെയ്തുകൊണ്ട് പതിനഞ്ചു മിനിറ്റോളം സമയം കളയുകയാണ് ഇയാൾ ചെയ്തത്. ഒടുവിൽ ഉന്നയിച്ച കാര്യങ്ങൾ സ്ഥാപിക്കാൻ സാധിക്കാതെ സംവാദ വേദിയിൽനിന്ന് ഓടിപ്പോകേണ്ടിവന്നു.

നേർക്കുനേരെയുള്ള വിഷയകേന്ദ്രീകൃതമായ സംവാദങ്ങൾക്ക് എത്തുമ്പോൾ മറുപടിയില്ലാതാകുമ്പോൾ വ്യക്തിപരമായ അധിക്ഷേപങ്ങൾ നടത്തി വിഷയം മാറ്റുകയോ താൻ വേട്ടയാടപ്പെടുന്നു എന്ന 'വിക്റ്റിം കാർഡ്' ഇറക്കി രക്ഷപ്പെടാൻ ശ്രമിക്കുകയോ ചെയ്യുന്നത് ഇയാളുടെ ബൗദ്ധിക ശൂന്യതയെയാണ് കാണിക്കുന്നത്.

ഇസ്‌ലാമിക പ്രമാണങ്ങളെയോ സാമൂഹിക യാഥാർഥ്യങ്ങളെയോ അവയുടെ ചരിത്രപരവും ഭാഷാപരവുമായ സന്ദർഭങ്ങളിൽ നിന്ന് പൂർണമായി അടർത്തിയെടുത്ത് സ്വന്തം വ്യാഖ്യാനം നൽകുകയാണ് ആരിഫ് ഹുസൈന്റെ പ്രധാന തന്ത്രം. ഇത് സമൂഹത്തിൽ ഇസ്‌ലാം ഭീതി വർത്താനും സമുദായങ്ങൾക്കിടയിൽ അകൽച്ച സൃഷ്ടിക്കാനും കാരണമാകുന്നു. വ്യക്തിപരമായ അധിക്ഷേപങ്ങൾക്കപ്പുറം, ഈ വിദ്വേഷ പ്രചാരണം പ്രാദേശിക ബിസിനസുകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും തകർക്കുന്ന തലത്തിലേക്ക് വളർന്നിട്ടുണ്ട്.

കേരള സ്റ്റാർട്ടപ്പ് മിഷന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നതും 7,000ത്തിലധികം വിദ്യാർഥികളും 200ലേറെ ജീവനക്കാരുമുള്ള 'എക്സ് ആൻഡ് വൈ ലേണിംഗ്' (XandY Learning) എന്ന വിദ്യാഭ്യാസ സ്ഥാപനത്തിനെതിരെ ഇയാൾ നടത്തിയ സൈബർ ആക്രമണം ഇതിനൊരു തെളിവാണ്. സ്ഥാപനം 'വൈറ്റ് കോളർ ജിഹാദ്' നടത്തുന്നുവെന്നും 'അൽഫലാഹ് സർവകലാശാല' മോഡൽ തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഒത്താശ ചെയ്യുന്നുവെന്നും ആരോപിച്ചുകൊണ്ട് ഫേസ്ബുക്കിലൂടെ പ്രചാരണം നടത്തി. സ്ഥാപനം സംഘടിപ്പിച്ച വിദ്യാർഥി-രക്ഷിതാക്കളുടെ യോഗത്തിൽ അതിഥിയായി പങ്കെടുത്ത പ്രമുഖ ഡോക്ടറെ തീവ്രവാദിയായി ചിത്രീകരിക്കുകയും ചെയ്തു.

ഈ സംഭവത്തിൽ സ്ഥാപന അധികൃതർ നൽകിയ ഹർജി പരിഗണിച്ച്, ആരിഫ് ഹുസൈൻ തെരുവത്തിനെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി പന്തീരാങ്കാവ് പോലീസിന് ഉത്തരവിട്ടു. അഭിപ്രായ സ്വാതന്ത്ര്യം എന്നത് വ്യാജ വർത്തമാനങ്ങളിലൂടെ വ്യവസായ സ്ഥാപനങ്ങളെ തകർക്കാനുള്ള ലൈസൻസല്ലെന്ന് എക്സ് ആൻഡ് വൈ ലേണിംഗ് സി.ഇ.ഒ മുഹമ്മദ് അജ്മൽ പ്രതികരിച്ചു.

മാധ്യമ പ്ലാറ്റ്ഫോമുകളിലെ ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് വിഷലിപ്തമായ ആഖ്യാനങ്ങളെ ന്യായീകരിക്കാൻ ഇയാൾ ശ്രമിക്കുന്നതും വിമർശനവിധേയമായിട്ടുണ്ട്. ബിഗ് ടിവി ചാനലിലെ അവതാരക നടത്തിയ വംശീയ പരാമർശങ്ങളെയും പ്രകോപനപരമായ പ്രസ്താവനകളെയും പിന്തുണച്ച് ഇയാൾ രംഗത്തുവരികയുണ്ടായി. ഏതു വിഷയത്തെയും ഇസ്‌ലാം വിരുദ്ധതയിലേക്ക് തിരിച്ചുവിടുക എന്ന അജണ്ടയാണ് ഇയാൾക്കുള്ളത്.

വ്യക്തികളെയും സ്ഥാപനങ്ങളെയും അപകീർത്തിപ്പെടുത്തുന്ന തരത്തിൽ തുടർച്ചയായി സോഷ്യൽ മീഡിയയിൽ പോസ്റ്റുകൾ ഇടുന്നതിനെതിരെ പരാതി നൽകിയിട്ട് ഉചിതമായ നിയമനടപടികൾ സ്വീകരിക്കാൻ പോലീസ് മടിക്കുന്നത് ജനാധിപത്യ സമൂഹത്തിന്റെ ആരോഗ്യകരമായ പ്രവർത്തനത്തിന് വെല്ലുവിളിയാണ്. കോടതി ഇടപെടലുകളിലൂടെ മാത്രം പോലീസ് കേസെടുക്കുന്ന സാഹചര്യം തിരുത്തപ്പെടേണ്ടതുണ്ട്. ആരോഗ്യമുള്ള ഒരു ജനാധിപത്യസമൂഹത്തിൽ അഭിപ്രായ സ്വാതന്ത്ര്യവും വിമർശനവും സംരക്ഷിക്കപ്പെടേണ്ട അടിസ്ഥാന അവകാശങ്ങളാണ്. എന്നാൽ, വിമർശനവും കേവലമായ അധിക്ഷേപവും തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ട്.

സ്വതന്ത്രചിന്തയുടെയും യുക്തിവാദത്തിന്റെയും വേഷമണിഞ്ഞ് സാമ്പത്തിക ലാഭത്തിനും സോഷ്യൽ മീഡിയ റീച്ചിനും വേണ്ടി സ്ത്രീവിരുദ്ധതയും മതവിദ്വേഷവും പ്രചരിപ്പിക്കുന്ന ആരിഫ് ഹുസൈൻ തെരുവത്തിനെപ്പോലുള്ളവരുടെ അജണ്ടകൾ പൊതുസമൂഹം തിരിച്ചറിയേണ്ടതുണ്ട്. വരുംദിവസങ്ങളിൽ നിയമവ്യവസ്ഥയ്ക്ക് മുന്നിലും ഡിജിറ്റൽ പൊതുമണ്ഡലത്തിലും ഇത്തരം വ്യാജ ലിബറൽ നിർമിതികൾ കൂടുതൽ വിചാരണ ചെയ്യപ്പെടുക തന്നെ ചെയ്യും. ■

# ആത്മീയ വാണിഭങ്ങളും വിശ്വാസത്തിന്റെ അടിവേരുകളും

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

ഒരു മികച്ച ഡോക്ടർ രോഗലക്ഷണങ്ങളെ മാത്രം ചികിത്സിച്ചു മാറ്റാൻ ശ്രമിക്കാറില്ല; മറിച്ച്, രോഗത്തിനു കാരണമാകുന്ന യഥാർഥ ഉറവിടത്തെ കണ്ടുപിടിച്ചാണ് ചികിത്സിക്കുക. ലക്ഷണങ്ങൾക്കു മാത്രം ചികിത്സ നൽകിയാൽ രോഗം കൂടുതൽ തീവ്രമായി തിരിച്ചുവരികയും പിന്നീട് ചികിത്സിച്ചു ഭേദമാക്കാൻ കഴിയാത്ത അവസ്ഥയിലെത്തുകയും ചെയ്യും. ഈ തത്ത്വം ശരീരത്തിനു മാത്രമല്ല, ആത്മീയ രംഗത്തും ഒരുപോലെ ബാധകമാണ്. ഇന്ന് സമൂഹത്തിൽ വർധിച്ചുവരുന്ന ആത്മീയ ചൂഷണങ്ങൾക്കും മതം പറഞ്ഞുള്ള തട്ടിപ്പുകൾക്കും കാരണം, ഇത്തരം രോഗങ്ങളുടെ ലക്ഷണങ്ങളെ മാത്രം ചെറുക്കുകയും അതിന്റെ യഥാർഥ കാരണത്തെ അവഗണിക്കുകയും ചെയ്യുന്നു എന്നതാണ്.

തിരുനാവായയിൽ നടന്ന സംഭവത്തിൽ, തട്ടിപ്പുകേന്ദ്രത്തിൽ നേരിട്ടെത്തി പ്രതികരിക്കുകയും അതിനെ ചോദ്യം ചെയ്യുകയും ചെയ്ത യുവാക്കളുടെ പ്രവർത്തനം അഭിനന്ദനാർഹമാണ്. ആളുകളെ കബളിപ്പിച്ച് അത്ഭുതങ്ങൾ കാണിക്കുന്നുവെന്നു വരുത്തിത്തീർത്ത്, അവരുടെ അജ്ഞതയെ ചൂഷണം ചെയ്തു വൻതോതിൽ പണം തട്ടിയെടുക്കുന്ന കേന്ദ്രങ്ങളെ തുറന്നുകാട്ടേണ്ടത് അനിവാര്യമാണ്.

ഒരു മരത്തിന്റെ ചില്ലകൾ മാത്രം വെട്ടിമാറ്റിയാൽ മരം വീണ്ടും തളിർക്കുകയേയുള്ളൂ; അത് പൂർണമായി ഇല്ലാതാകണമെങ്കിൽ വേരോടെ പിഴുതെറിയണം. ഇത്തരം തട്ടിപ്പുകേന്ദ്രങ്ങൾ ഒരു സ്ഥലത്ത് അടച്ചുപൂട്ടുമ്പോൾ, മറ്റു സ്ഥലങ്ങളിൽ വീണ്ടും പൊന്തിവരുന്നതിന്റെ കാരണം ഇതിന്റെ അടിവേരുകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ല എന്നതാണ്.

എന്തുകൊണ്ടാണ് ആളുകൾ ഇത്തരം തട്ടിപ്പുകാർക്ക് ചുറ്റും തടിച്ചുകൂടുകയും ലക്ഷക്കണക്കിന് രൂപ നൽകി വഞ്ചിക്കപ്പെടുകയും ചെയ്യുന്നത്? ജനങ്ങളുടെ മനസ്സിലുള്ള തെറ്റായ വിശ്വാസങ്ങളാണ് ഇതിനു പ്രധാന കാരണം. ഇത്തരം കേന്ദ്രങ്ങൾ ഒരു പ്രദേശത്ത് സ്ഥാപിക്കപ്പെടുമ്പോൾ അവിടെയുള്ള വ്യാപാരികൾ, ഡ്രൈവർമാർ എന്നിവർക്കൊക്കെ സാമ്പത്തിക ലാഭമുണ്ടാകുകയും പ്രദേശം സാമ്പത്തികമായി അഭിവൃദ്ധിപ്പെടുകയും ചെയ്യും. അതിനാൽ ആ പ്രദേശത്തുകാർ പോലും അതിനെ എതിർക്കാൻ മടിക്കും. വോട്ടുബാങ്ക് ഭയന്നു രാഷ്ട്രീയക്കാരും ഇതിൽ മൗനം പാലിക്കും. ഏതു മതത്തിന്റെ മറവിലായാലും നടക്കുന്ന ഇത്തരം ആത്മീയ ചൂഷണങ്ങൾക്കെതിരെ അതാത് മത പണ്ഡിതന്മാരും സമൂഹവും രംഗത്തിറങ്ങണം.

ഇത്തരം തട്ടിപ്പുകളുടെയെല്ലാം അടിസ്ഥാന കാരണം 'കാര്യകാരണ ബന്ധങ്ങൾക്ക് അതീതമായ കഴിവ് അല്ലാഹുവിനല്ലാതെ മറ്റു പലർക്കുമുണ്ട്' എന്ന തെറ്റായ വിശ്വാസമാണ്. സാധാരണ ജീവിതത്തിലെ കാര്യകാരണ ബന്ധങ്ങളിൽപ്പെട്ട കാര്യങ്ങൾക്കു പരസ്പരം സഹായിക്കുന്നതും സഹായം ചോദിക്കുന്നതും തെറ്റല്ല. അത് നമ്മളെല്ലാം ചെയ്യുന്ന കാര്യമാണ്. എന്നാൽ, മരിച്ചുപോയ ആളുകൾക്കോ അല്ലാത്തവർക്കോ അല്ലാഹുവിനു മാത്രം പ്രത്യേകമായ അഭൗതികമായ കഴിവുകളുണ്ടെന്നു വിശ്വസിക്കുന്നതുതന്നെ അല്ലാഹുവിൽ പങ്കുചേർക്കുന്ന പ്രവർത്തനമാണ്.

നന്മയും തിന്മയും വരുത്താനും, പ്രാർഥനകൾക്ക് ഉത്തരം നൽകാനും, കാര്യകാരണ ബന്ധങ്ങൾക്ക് അതീതമായി സഹായിക്കാനും പ്രപഞ്ചനാഥനായ അല്ലാഹുവിന് മാത്രമെ സാധിക്കൂ എന്ന വസ്തുത സമൂഹത്തിന് കൃത്യമായി മനസ്സിലായാൽ, ആരും ആത്മീയ തട്ടിപ്പുകാരുടെയോ പിന്നാലെ പോകില്ല. തൗഹീദീ പ്രബോധനം അഭംഗുരം തുടരേണ്ടതിന്റെ അനിവാര്യതയാണ് ഇത്തരം സംഭവങ്ങൾ വ്യക്തമാക്കുന്നത്.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

പുറത്തിറങ്ങി..!!!

## ഇസ്‌ലാമിൽ സ്ത്രീയുടെ സ്ഥാനമെന്ത്?
## അനന്തരാവകാശത്തിൽ അനീതിയോ ?
## സ്ത്രീയുടെ അവകാശങ്ങൾ ?

ഇസ്‌ലാമിലെ സ്ത്രീ ആദരവിന്റെ
വിവിധ വശങ്ങൾ വിശദീകരിക്കുന്ന കൃതി!




₹130

പുസ്തകം
നിങ്ങളുടെ
വീട്ടിൽ
എത്തിക്കുന്നു

ORDER NOW

Mob: +91 7356 766 478

**WISDOM BOOKS AND PUBLICATIONS**
CV Complex, PV Swami Road, Chalappuram
Kozhikode 673 002
www.wisdombooksonline.com

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 19 September 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

